പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 151, 11-3-2008-ൽ മറുപടി നല്കേണ്ടത്

നിയമവകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.എം.മോനായി:<br>ശ്രീമതി പി.അയിഷാപോറ്റി:<br>ശ്രീ.അൽഫോൺസ് കണ്ണന്താനം:<br>" എം.ഹംസ:<br>" സി.എച്ച്.കുഞ്ഞമ്പു: | ശ്രീ.എം.വിജയകുമാർ,<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) നിയമവകുപ്പ് സമഗ്രമായി കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | നിയമവകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പിലാക്കി വരുന്നത്. ആദ്യഘട്ടത്തിൽ നിയമവകുപ്പിലെ പൊതുവായ പ്രവൃത്തികൾകമ്പ്യൂട്ടർവൽക്കരിക്കപ്പെടുകയുണ്ടായി. ( General functionalities) അതിനായി ഒൻപത് സോഫ്റ്റ്‌വെയർ മോഡ്യൂളുകൾ സ്ഥാപിക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ നിയമ വകുപ്പിലെ നിയമനിർമ്മാണം,നിയമോപദേശം, കൺവെയൻസിംഗ്, തർജ്ജമ എന്നിവ കമ്പ്യൂട്ടർവൽക്കരിക്കുകയും (Critical knowledge based functionalities) അപ്രകാരം ഒരു സമഗ്ര വർക്ക് ഓട്ടോമേഷൻ സിസ്റ്റം നിലവിൽ വരികയുമുണ്ടായി. |
| (ബി) നിയമ പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി പൂർത്തിയായിട്ടുണ്ടോ; | (ബി) നിയമവകുപ്പിൽ മാത്രം ലഭ്യമായിട്ടുള്ളതും, മറ്റു സ്ഥലങ്ങളിൽ ലഭ്യമല്ലാത്തതുമായ അപൂർവ്വ നിയമ പുസ്തകങ്ങൾ ഡിജിറ്റയ്സ് ചെയ്യുന്ന പദ്ധതി പൂർത്തിയായിട്ടുണ്ട്. |
| (സി) ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കിയതിന്റെ ഫലമായി കേസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ഉണ്ട്.<br>ദൽഹി കേരള ഹൗസിലെ ലാ ഓഫീസ്, എറണാകുളത്തെ അഡ്വക്കേറ്റ് ജനറൽ ഓഫീസ്, സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസ് എന്നിവ നിയമവകുപ്പുമായി ഓൺലൈൻ ബന്ധമുള്ളതുകൊണ്ട് കേസ്സുകളുടെ തൽസമയ വിവരങ്ങൾ അറിയാൻ കഴിയുന്നു. |

| | |
|---|---|
| (ഡി) സർക്കാർ കേസ്സുകൾ ശരിയായി കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ സംഭവങ്ങൾ ഈ സംവിധാനം മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇല്ല. |
| (ഇ) കേന്ദ്ര സംസ്ഥാന നിയമങ്ങളും ചട്ടങ്ങളും ഡോക്യുമെൻറ് ചെയ്ത് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | ഉണ്ട്.<br>സംസ്ഥാന സർക്കാരിൻെറ നിയമങ്ങളും, ചട്ടങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു 'ഡേറ്റാബേസ്' രൂപീകരിച്ച് അത് പൊതുജനങ്ങൾക്ക് പ്രാപ്യമാക്കുന്ന വിധത്തിൽ ലാ പോർട്ടൽ എന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഇതിൽ സംസ്ഥാനത്തെ നിയമങ്ങളും ചട്ടങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടിരിക്കുകയാണ്. |

ഉത്തരവിൻ പ്രകാരം,

K S [signature]

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 152

11/03/2008 - ൽ മറുപടിക്ക്

## റേഷൻ വിതരണം കാര്യക്ഷമമാക്കാൻ നടപടി

ചോദ്യം

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീമതി. ഇ.എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് :

ഉത്തരം

ശ്രീ. സി. ദിവാകരൻ

(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)

എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങളുടെ തിരിമറിയും, ക്രമക്കേടും തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ പേരിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എ) സംസ്ഥാനത്തെ റേഷൻ സാധനങ്ങളുടെ തിരിമറിയും, ക്രമക്കേടും തടയുന്നതിന് ഈ സർക്കാർ സാദ്ധ്യമായ നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രതിമാസം സംസ്ഥാന വിഹിതമായി അനുവദിച്ചു നൽകുന്ന റേഷൻ വിഹിതം എഫ്.സി.ഐ. യിൽ നിന്നും മൊത്ത വിതരണ കേന്ദ്രങ്ങളിലേക്കും അവിടെ നിന്ന് ചില്ലറ വിതരണ കേന്ദ്രങ്ങളിലേക്കും കൊണ്ടു പോകുന്ന അവസരത്തിൽ സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. എഫ്.സി.ഐ. യിൽ നിന്ന് മൊത്ത വിതരണ കേന്ദ്രങ്ങളിലേക്കും അവിടെ നിന്നും ചില്ലറ വിതരണ കേന്ദ്രങ്ങളിലേക്കും റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന വാഹനത്തിന്റെ മുൻവശത്തും പിൻവശത്തും റേഷൻ സാധനങ്ങളുടെ വിവരം സംബന്ധിച്ച സ്റ്റിക്കറുകൾ പതിക്കാറുണ്ട്. എഫ്.സി.ഐ. യിൽ നിന്നും മൊത്ത വിതരണ കേന്ദ്രങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ സീൽ ചെയ്ത സാമ്പിളുകൾ വിതരണ സമയത്ത്

നൽകുന്നത് എല്ലാ റേഷൻ കടകളിലും പരിശോധനക്കായി പ്രദർശിപ്പിക്കാറുമുണ്ട്. റേഷൻ സാധനങ്ങളുടെ തിരിമറിയും, ക്രമക്കേടും തടയുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥർ നിരന്തരം റേഷൻ വിതരണ കേന്ദ്രങ്ങളിൽ പരിശോധനകളും റെയ്ഡുകളും നടത്തുകയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും റേഷൻ അദാലത്തുകളും പ്രൈസ് മോണിറ്ററിംഗ് സെല്ലുകളും, ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികളും കാര്യക്ഷമമായി പ്രവർത്തിച്ച് റേഷൻ വിതരണം കാര്യക്ഷമമായി നടത്തുന്നു.

കൂടാതെ റേഷൻസാധനങ്ങൾ തിരിമറി നടത്തുന്നതായി സംസ്ഥാനത്തിന്റെ ഏതു ഭാഗത്തു നിന്നും പരാതി ലഭിച്ചാൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കാൻ സിവിൽ സപ്ലൈസ് ഡയറക്ട്രേറ്റിൽ ഒരു പ്രത്യേക സെൽ പ്രവർത്തിക്കുന്നു.

ജില്ലാ കളക്ടർമാരുടെ നിയന്ത്രണത്തിലും ഇപ്രകാരം ഒരു പ്രത്യേക സെൽ പ്രവർത്തിച്ചു വരുന്നു.

റേഷൻതിരിമറിയോ ക്രമക്കേടോ കണ്ടെത്തുന്ന വ്യാപാരികൾക്കെതിരെ കേരളാ റേഷനിംഗ് ഓർഡർ, അവശ്യസാധന നിയന്ത്രണ നിയമം എന്നിവ പ്രകാരം കേസ്സുകൾ എടുക്കുന്നതു കൂടാതെ റേഷൻകട സസ്പെൻഷൻ, ലൈസൻസ് റദ്ദാക്കൽ, ജാമ്യതുക കണ്ടുകെട്ടൽ തുടങ്ങിയ കർശന ശിക്ഷാ നടപടികളും സ്വീകരിച്ചു വരുന്നു.

ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റേഷൻ കടകളിൽ എത്തുന്ന റേഷൻ കാർഡുടമകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ബി.പി.എൽ റേഷൻ കാർഡുടമകൾക്ക് മൂന്ന് രൂപ നിരക്കിൽ നൽകിവരുന്ന അരി വിതരണം ഇപ്പോഴും തുടരുന്നുണ്ടോ ; | (സി) | തുടരുന്നുണ്ട്. |
| (ഡി) | റേഷൻ മൊത്ത വ്യാപാരത്തിലെ അഴിമതി ഇല്ലാതാക്കുന്നതിനായി മൊത്ത വ്യാപാരച്ചുമതല സർക്കാർ ഏറ്റെടുക്കുന്നതിന് ആലോചനയുണ്ടോ ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ ? | (ഡി) | ആലോചനയുണ്ട്. ആയതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ മൊത്തവ്യാപാര ഡിപ്പോകൾ പൊതുമേഖലാ സ്ഥാപനമായ സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏൽപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# Inspection details of AWD's, KWD's, ARD's from May-2006 onwards

| MONTH | AWD | | | | KWD | | | | ARD | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | No.Inspected | Irregularities detected | suspended | Cancelled | No.Inspected | Irregularities detected | suspended | Cancelled | No.Inspected | Irregularities detected | suspended | Cancelled |
| May-06 | 321 | 23 | 0 | 0 | 271 | 40 | 0 | 0 | 12154 | 3966 | 8 | 0 |
| Jun-06 | 312 | 42 | 0 | 0 | 266 | 50 | 2 | 0 | 12322 | 3964 | 13 | 0 |
| Jul-06 | 345 | 51 | 0 | 0 | 278 | 43 | 2 | 0 | 12378 | 4330 | 15 | 0 |
| Aug-06 | 318 | 47 | 0 | 0 | 224 | 30 | 1 | 0 | 12350 | 3703 | 3 | 0 |
| Sep-06 | 342 | 61 | 0 | 0 | 272 | 49 | 1 | 0 | 12342 | 3528 | 26 | 1 |
| Oct-06 | 323 | 54 | 1 | 0 | 269 | 45 | 0 | 0 | 11088 | 3406 | 28 | 1 |
| Nov-06 | 334 | 62 | 2 | 0 | 284 | 41 | 0 | 0 | 12045 | 8684 | 14 | 0 |
| Dec-06 | 273 | 53 | 0 | 1 | 256 | 25 | 0 | 0 | 12404 | 3977 | 6 | 0 |
| Jan-07 | 302 | 51 | 0 | 0 | 242 | 36 | 0 | 0 | 11655 | 3781 | 10 | 0 |
| Feb-07 | 341 | 42 | 3 | 0 | 289 | 49 | 6 | 0 | 11766 | 3720 | 52 | 3 |
| Mar-07 | 376 | 65 | 2 | 0 | 288 | 50 | 3 | 0 | 11503 | 3432 | 8 | 0 |
| Apr-07 | 314 | 30 | 0 | 0 | 270 | 49 | 11 | 0 | 10969 | 3233 | 8 | 0 |
| May-07 | 413 | 96 | 0 | 0 | 294 | 72 | 5 | 0 | 11960 | 4091 | 12 | 0 |
| Jun-07 | 367 | 60 | 3 | 0 | 266 | 43 | 1 | 0 | 9615 | 3291 | 9 | 0 |
| Jul-07 | 333 | 63 | 4 | 0 | 280 | 39 | 1 | 0 | 5626 | 1913 | 9 | 0 |
| Aug-07 | 361 | 56 | 4 | 0 | 282 | 40 | 2 | 0 | 5280 | 1835 | 15 | 0 |
| Sep-07 | 349 | 60 | 5 | 0 | 278 | 37 | 1 | 0 | 7438 | 2811 | 8 | 0 |
| Oct-07 | 317 | 45 | 3 | 0 | 287 | 34 | 1 | 0 | 8710 | 3223 | 3 | 0 |
| Nov-07 | 371 | 49 | 0 | 0 | 291 | 35 | 0 | 0 | 10882 | 3827 | 21 | 0 |
| Dec-07 | 355 | 55 | 0 | 0 | 292 | 42 | 0 | 0 | 11471 | 4459 | 12 | 0 |
| Jan-08 | 339 | 47 | 0 | 0 | 287 | 41 | 0 | 0 | 11850 | 4454 | 16 | 0 |
| TOTAL | 7106 | 1112 | 27 | 1 | 5766 | 890 | 37 | 0 | 225806 | 79657 | 296 | 5 |

Section Officer

PARTICULARS OF ACTION TAKEN UNDER ESSENTIAL COMMODITIES ACT 1955
FROM MAY-2006 ONWARDS

| Month | Number of Raids | Number of persons arrested | Number of persons prosecuted | Number of persons convicted | ESSENTIAL COMMODITIES SIEZED | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | LPG cylinders (Nos) | Rice (Kgs) | Wheat (Kgs) | Kerosene (Ltr) | Diesel (Ltr) | Regulator (Nos) | Onion Big (Kgs) | Onion Small (Kgs) | Potato (Kgs) | PDS Atta (Kgs) | Sugar (Kgs) | Green Gram (Kgs) | Tea loose (Kgs) | LPG gas (Kgs) | Rice Powder (Kgs) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| May-06 | 156 | | | | 45 | | | 45 | | | | | | | | | | | |
| Jun-06 | 240 | | | | 130 | 1450 | 0 | 1615 | | | | | | | | | | | |
| Jul-06 | 784 | | | | 296 | | | 1443 | | | | | | | | | | | |
| Aug-06 | 2771 | | | | 350 | 600 | 2485 | 691 | 150 | 2 | | | | | | | | | |
| Sep-06 | 534 | | | | 601 | 9549 | 13450 | 1025 | | | | | | | | | | | |
| Oct-06 | 855 | 1 | 1 | | 217 | 9591 | 13313 | 115 | | | | | | | | | | | |
| Nov-06 | 777 | | | | 376 | 5700 | 23450 | 18 | | | | | | | | | | | |
| Dec-06 | 1260 | | | | 508 | 8016 | 5348 | 722 | | | | | | | | | | | |
| Jan-07 | 944 | | | | 222 | 4200 | 2300 | 460 | 30 | | | | | | | | | | |
| Feb-07 | 2613 | | | | 381 | 2420 | 6857 | 5170 | | | 2450 | 650 | 50 | | | | | | |
| Mar-07 | 1358 | | | | 263 | 90405 | 4390 | 3467 | | | 52003 | 7000 | 6000 | | | | | | |
| Apr-07 | 1719 | | | | 168 | 13360 | 248750 | 1065 | | | | | | | | | | | |
| May-07 | 1566 | | | | 135 | 47576 | 6018 | 92 | | | | | | | | | | | |
| Jun-07 | 836 | | 1 | | 175 | 3072 | 2599 | 125 | | | | | | | | | | | |
| Jul-07 | 1652 | | | | 109 | 99 | 300 | 1750 | | | | | | | | | | | |
| Aug-07 | 6767 | | | | 507 | 73810 | 248903 | 1295 | | | 991 | 50 | | 25 | 2908 | 7 | 8.5 | | |
| Sep-07 | 4091 | | | | 382 | 8158 | 4503100 | 2930 | | 103 | | | | | | | | 40 | 59 |
| Oct-07 | 5615 | | | | 412 | 439265 | 168934 | 1934 | 80 | 119 | | | | | | | | 132 | |
| Nov-07 | 7731 | | | | 358 | 7110 | 1640 | 1190 | 4 | 3 | | | | | | | | 80.2 | |
| Dec-07 | 8548 | | | | 198 | 10617 | 2445 | 1215 | | 3 | | | | 4 | 500 | | | 4 | |
| Jan-08 | 8563 | | | | 214 | 42828 | | 6505 | | 3 | | | | | | | | | |
| TOTAL | 59378 | 1 | 2 | 0 | 6047 | 777824 | 5250282 | 32872 | 264 | 233 | 55444 | 7700 | 6050 | 29 | 3408 | 7 | 8.5 | 256.2 | 59 |

Section Officer

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -153 — 11.03.2008ൽ മറുപടിയ്ക്ക്

## എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സി ജോസഫ് | ശ്രീ. സി. ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തിലും സിവിൽ സപ്ലൈസ് മാവേലി സ്റ്റോറുകളോ, ഡിപ്പാർട്ട്മെന്റ് സ്റ്റോറോ ആരംഭിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) സംസ്ഥാനത്ത് 999 ഗ്രാമപഞ്ചായത്തുകളിലും അതിനു പുറമെയുമായി 1048 എണ്ണത്തിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നു. സപ്ലൈകോ ഔട്ട്ലെറ്റോ, എ. ആർ. ഡി. ശബരി സ്റ്റോറോ ഇല്ലാത്ത 51 ഗ്രാമ പഞ്ചായത്തുകൾ ഇനിയുമുണ്ട്. അവിടെ സാദ്ധ്യതാ പഠനം നടത്തി കൂടുതൽ മാവേലി /ശബരി സ്റ്റോറുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനെ ശക്തിപ്പെടുത്തുവാൻ 2007-08 സാമ്പത്തിക വർഷം എത്ര രൂപയാണ് അനുവദിച്ചതെന്ന് വെളിപ്പെടുത്തുമോ ? | (ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനെ ശക്തിപ്പെടുത്തുവാൻ 2007-08 സാമ്പത്തിക വർഷം 38 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

GOVERNMENT OF KERALA

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 154 11-03-2008-ൽ മറുപടിയ്ക്ക്

## വാർഡിൽ ഒരു കളിസ്ഥലവും പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയവും പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.കെ.കെ.ദിവാകരൻ:<br>ശ്രീ.ജോർജ് എം.തോമസ്:<br>ശ്രീ.എ.പ്രദീപ് കുമാർ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം പദ്ധതി പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ)<br>ഒരു വാർഡിൽ ഒരു കളിസ്ഥലവും ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയവും എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് മാച്ചിംഗ് ഗ്രാന്റ് നൽകുന്ന പദ്ധതിയ്ക്ക് 16-02-2008-ലെ ജി.ഒ.(എം.എസ്)39/08/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ആവശ്യത്തിനായി 2007-08-രണ്ടാം ഉപധനാഭ്യർത്ഥന വഴി ലഭിച്ച 3 കോടി രൂപ അർഹതയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ഗ്രാന്റായി നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി)<br>പദ്ധതി നടപ്പാക്കുന്നതിന് 2006-07-ൽ എന്തു തുക ചെലവഴിച്ചു; | (ബി)<br>2006-07-ൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. |
| (സി)<br>പദ്ധതി പ്രകാരം ഇനി എത്ര കളിസ്ഥലവും മിനി സ്റ്റേഡിയവുമാണ് നിർമ്മിക്കാനുള്ളത്; | (സി)<br>സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു വാർഡിൽ ഒരു കളിസ്ഥലവും ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയവും ഉറപ്പാക്കുന്നതുവരെ പ്രസ്തുത പദ്ധതി തുടരുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയും പഞ്ചായത്തുകളിൽ നിന്നുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിലും ഘട്ടം ഘട്ടമായി നടപ്പാക്കുന്നതാണ്. |
| (ഡി)<br>പദ്ധതി നടപ്പാക്കുന്നതിന്റെ ചുമതല ആർക്കാണ്; | (ഡി)<br>കായിക യുവജനകാര്യ വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഇ)<br>നിലവിലുള്ള കളിസ്ഥലവും സ്റ്റേഡിയവും കേടുപാടുകൾ തീർത്ത് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ)<br>നിലവിലുള്ള കളിസ്ഥലവും സ്റ്റേഡിയവും സംരക്ഷിക്കുന്നതിന് മേൽപ്പറഞ്ഞ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 155** | **11-03-2008-ൽ മറുപടിക്ക്**

## രാജ്യാന്തര നിലവാരമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ

<table>
<tr><td>ചോദ്യം<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ</td><td>ഉത്തരം<br>ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി</td></tr>
</table>

<table>
<tr><td>എ) സംസ്ഥാനത്ത് രാജ്യാന്തരനിലവാരമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;</td><td>എ) രാജ്യാന്തര നിലവാരമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി പ്രാവശ്യം പ്രധാനമന്ത്രിയെയും മറ്റു കേന്ദ്രമന്ത്രിമാരെയും മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും സന്ദർശിച്ച് നിവേദനങ്ങൾ നൽകുകയും നേരിട്ട് ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി IISER, കേന്ദ്ര സർവകലാശാല, ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങൾ കേരളത്തിൽ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. IIT അടക്കമുള്ള മറ്റു നിരവധി സ്ഥാപനങ്ങൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ തുടർച്ചയായി സമ്മർദ്ദം ചെലുത്തിവരുകയുമാണ്.</td></tr>
<tr><td>ബി) ഇന്ത്യൻ സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.ഐ.എസ്.ഇ.ആർ) ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;</td><td rowspan="2">ബി) & സി) IISER സ്ഥാപിക്കുന്നതിന് ആവശ്യമായ 200 ഏക്കർ സ്ഥലം തിരുവനന്തപുരം ജില്ലയിൽ വിതുരയിൽ നൽകുന്നതിന് തീരുമാനിച്ചറിയിക്കുകയും, കേന്ദ്ര ഗവൺമെന്റ് പ്രതിനിധികൾ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വരുന്ന അധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമെന്നാണ് കരുതുന്നത്.</td></tr>
<tr><td>സി) ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;</td></tr>
</table>

| | |
|---|---|
| ഡി) കേരളത്തിൽ ഒരു ഐ.ഐ.ടി. സ്ഥാപിക്കുന്നതു സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | ഡി) കേരളത്തിൽ ഒരു IIT സ്ഥാപിക്കുന്നതിനുവേണ്ടി നിരവധി പ്രാവശ്യം കേന്ദ്രഗവൺമെന്റിന് നിവേദനം സമർപ്പിക്കുകയും പല പ്രാവശ്യം പ്രധാനമന്ത്രിയെയും, മാനവവികസനവകുപ്പുമന്ത്രിയെയും മുഖ്യമന്ത്രിയും മറ്റും നേരിട്ടുകണ്ട് ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകിയിട്ടുമുണ്ട്. IIT സ്ഥാപിക്കാനനുയോജ്യമായ സ്ഥലം പാലക്കാട് സൗജന്യമായി നൽകാമെന്നും സമ്മതിച്ചിട്ടുണ്ട്. |
| ഇ) കേരളത്തിൽ ഒരു കേന്ദ്ര സർവകലാശാല സ്ഥാപിച്ചു കിട്ടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ഇ)സംസ്ഥാനത്ത് ഒരു കേന്ദ്രസർവകലാശാല സ്ഥാപിക്കാൻ തത്വത്തിൽ അനുമതി ലഭിച്ചിട്ടുണ്ട്. ആവശ്യമായ 500 ഏക്കർ സ്ഥലം സംസ്ഥാന ഗവൺമെന്റ് നൽകാമെന്നും അറിയിച്ചിട്ടുണ്ട്. |
| എഫ്) കേരളത്തിൽ ദേശീയ നാനോ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ സന്നദ്ധത അറിയിച്ചിട്ടുണ്ടോ? | എഫ്) തിരുവനന്തപുരത്ത് നാഷണൽ സെന്റർ ഫോർ മോളിക്യുലാർ മെറ്റീരിയൽസ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇതിനായി സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പ് വിശദമായ പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയും മുഖ്യമന്ത്രി പ്രധാനമന്ത്രിയെയും മറ്റും നേരിട്ടുകണ്ട് ഇക്കാര്യം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അനുകൂലമായ പ്രതികരണമാണ് കേന്ദ്രഗവൺമെന്റിൽനിന്നു ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 156 11/03/2008ന് മറുപടിക്ക്

ഭരണഭാഷ മലയാളമാക്കുന്നതിന്റെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.വി.അബ്ദുൾഖാദർ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ.സി.രാജഗോപാലൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(ബഹു: മുഖ്യമന്ത്രി) |
| എ) ഭരണഭാഷ മലയാളമാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിന് ചേർന്ന സംസ്ഥാനതല ഔദ്യോഗിക ഭാഷാ സമിതി യോഗത്തിൽ വ്യക്തമാക്കപ്പെട്ട വിവരങ്ങൾവെളിപ്പെടുത്തുമോ; | എ) സംസ്ഥാനത്തെ ഭരണഭാഷാമാറ്റപ്പുരോഗതി വിലയിരുത്തുന്നതിനുള്ള സംസ്ഥാനതല ഔദ്യോഗിക ഭാഷാ സമിതിയുടെ 30/11/07-ൽ ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുതും വ്യക്തമാക്കിയതുമായ വിവരങ്ങൾ ഉൾപ്പെട്ട നടപടിക്കുറിപ്പ് ഇതോടൊപ്പം വച്ചിരിക്കുന്നു (അനുബന്ധം- I) |
| ബി) ഏതെല്ലാം വകുപ്പുകളിൽ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കിയിട്ടുണ്ട്; ഏറ്റവും പിന്നിൽ നിൽക്കുന്ന വകുപ്പുകൾ ഏതെല്ലാമാണ്; | ബി) സംസ്ഥാനത്തെ 69 സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും 38 അർദ്ധസർക്കാർ സ്വയംഭരണ പൊതുമേഖലാ സ്ഥാപനങ്ങളിലും ഭരണഭാഷ പൂർണ്ണമായും മലയാളമാക്കിയിട്ടുണ്ട്; മോട്ടോർവാഹനം, സൈനികക്ഷേമം,തുറമുഖം, വിജിലൻസ്, പൊതുമരാമത്ത് എന്നീ വകുപ്പുകൾ പിന്നിലാണ്. |
| സി) ഭരണഭാഷ മലയാളമാക്കുന്ന കാര്യത്തിൽ സെക്രട്ടേറിയറ്റിന്റെ അവസ്ഥ എന്താണ്; | സി) വകുപ്പുകളെ അപേക്ഷിച്ച് സെക്രട്ടേറിയറ്റിലെ ഭരണഭാഷാമാറ്റം ഏറെ പിന്നിലാണ്. ഇതു സംബന്ധിച്ച വിശദമായ പട്ടിക അനുബന്ധം II-ൽ ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| ഡി) | പുതുതായി എന്തെല്ലാം പദ്ധതികൾ പ്രസ്തുത യോഗം നടപ്പിലാക്കുവാൻ തീരുമാനിച്ചു? | ഡി) | ഔദ്യോഗിക ഭാഷ സംബന്ധിച്ച നയപരമായ തീരുമാനം കൈക്കൊള്ളുന്നത് ഔദ്യോഗിക ഭാഷാ ഉന്നത തലസമിതിയോഗമാണ്. സംസ്ഥാന തലസമിതിയോഗം നിലവിലുള്ള നിയമങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ കൈവരിച്ച ഭാഷാമാറ്റ പുരോഗതിയും അതിനുവേണ്ടി കൈക്കൊണ്ട നടപടികളെയും വിശദമായി ചർച്ച ചെയ്യുകയും സംസ്ഥാനത്തെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

പ്രമാണം - I

## ഔദ്യോഗിക ഭാഷാ സംസ്ഥാനതല സമിതി യോഗം

### 2007 നവംബർ 30
### നടപടിക്കുറിപ്പ്

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2007 നവംബർ 30 രാവിലെ 11.00 മണിക്ക് സെക്രട്ടേറിയറ്റ് ഡർബാർ ഹാളിൽ ഔദ്യോഗിക ഭാഷാ സംസ്ഥാനതലസമിതിയോഗം ചേരുകയുണ്ടായി. [illegible]

ചീഫ്സെക്രട്ടറി ശ്രീ.പി.ജെ.തോമസ് ആദ്ധ്യക്ഷ്യം വഹിച്ച യോഗത്തിൽ ഔദ്യോഗിക ഭാഷാ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.ജിജി തോംസൺ, അഡീഷണൽ സെക്രട്ടറി ശ്രീ.റ്റി.അപ്പൻ, ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി.വി.ജി.യമുനാറാണി, ഭാഷാവിദഗ്ധൻ ഡോ:എഴുമറ്റൂർ രാജരാജവർമ്മ എന്നിവരും സംബന്ധിച്ചു. അഡീഷണൽ സെക്രട്ടറിയുടെ സ്വാഗതപ്രസംഗത്തിനുശേഷം ചീഫ് സെക്രട്ടറി ഭാഷാമാറ്റത്തിന്റെ ആവശ്യകതയെക്കുറിച്ചും ഭരണഭാഷ മലയാളമാക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർക്കുള്ള പങ്കിനെക്കുറിച്ചും ആമുഖമായി സംസാരിച്ചു. തുടർന്നു വകുപ്പുതലത്തിലുള്ള ഭാഷാമാറ്റ പുരോഗതി ഔദ്യോഗിക ഭാഷാ വകുപ്പിൽ ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി. ഔദ്യോഗിക ഭാഷാ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തിൽ പങ്കെടുത്തവരുടെ നിർദ്ദേശങ്ങൾ ക്ഷണിക്കുകയും ഔദ്യോഗിക ഭാഷാ വകുപ്പ് തത്സംബന്ധമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുകയും ചെയ്തു. ഭാഷാമാറ്റത്തിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങളുള്ള പ്രധാനപ്പെട്ട മാർഗ്ഗരേഖകളെപ്പറ്റി ഭാഷാവിദഗ്ധൻ യോഗത്തിൽ വിശദീകരിച്ചു. യോഗത്തിൽ ചർച്ച ചെയ്ത വിഷയങ്ങളും അതിന്മേൽ യോഗം കൈക്കൊണ്ട തീരുമാനങ്ങളും താഴെ ചേർക്കുന്നു.

1. *ഹാജർ:-* സർക്കാരിന്റെ 24/8/2001-ലെ സ.ഉ.കൈയ്യെഴുത്ത് നമ്പർ 10/2001/ഉഭപവ ഉത്തരവ് പ്രകാരം പുന:സംഘടിപ്പിച്ചിട്ടുള്ള ഔദ്യോഗിക ഭാഷാ സംസ്ഥാനതല സമിതി യോഗത്തിൽ ഭരണഭാഷ മലയാളമാക്കിയിട്ടുള്ള വിവിധ വകുപ്പുകളുടെ തലവൻമാർ,സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകളുടെ തലവന്മാർ, സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർ ജില്ലാ കളക്ടർമാർ എന്നിവർ സംബന്ധിക്കേണ്ടതാണ്. പലവകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും

പ്രാതിനിധ്യം ഉണ്ടായില്ല എന്ന് യോഗം വിലയിരുത്തി. യോഗത്തിൽ പങ്കെടുക്കാതിരിക്കുന്നത് സർക്കാരിന്റെ ഔദ്യോഗിക ഭാഷാ നയത്തിനും അതു പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്കും വിരുദ്ധമാണെന്നും അതിനാൽ ഇക്കാര്യം ബന്ധപ്പെട്ടവരെല്ലാം കർശനമായി പാലിക്കണമെന്നും ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

*2. പ്രതിമാസ റിപ്പോർട്ട്*

മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടുള്ള വകുപ്പുകളും സ്ഥാപനങ്ങളും ത്രൈമാസ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് നിർദ്ദിഷ്ട ഫാറത്തിൽ ഔദ്യോഗിക ഭാഷാ വകുപ്പിന് കൃത്യമായി അയച്ചു തരണമെന്നും വകുപ്പു തലവന്മാർ കീഴ് ആഫീസ്സുകളിൽ നിന്നും ശേഖരിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് അയച്ചുതരണമെന്നും നിർദ്ദേശമുണ്ട്. പ്രസ്തുത നിർദ്ദേശം ബന്ധപ്പെട്ടവർ കൃത്യമായി പാലിക്കാത്തതുമൂലം സംസ്ഥാനതല ഭാഷാമാറ്റ പുരോഗതിക്ക് അവലംബമായ കണക്കുകൾ ഔദ്യോഗിക ഭാഷാ വകുപ്പിൽ തയ്യാറാക്കാൻ സാധിക്കുന്നില്ല. കണക്കുകൾ എടുക്കുന്നതിലും പല വകുപ്പുകളും കൃത്യത പാലിച്ചു കാണുന്നില്ല. നിയമപരമായി ഇംഗ്ളീഷും, ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഉപയോഗിക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ളവ ഒഴികെ എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഭരണഭാഷയാക്കി വിജ്ഞാപനം ചെയ്തിട്ടുള്ള 69 സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും 38 സ്വയംഭരണ-അർദ്ധസർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലും മലയാളം ഉപയോഗിക്കണമെന്നാണ് നിർദ്ദേശം. ഇംഗ്ളീഷിൽ കത്തിടപാടുകൾ നടത്തുന്ന ഫയലുകളിലും കുറിപ്പുഫയൽ മലയാളത്തിലാകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുറിപ്പു മലയാളത്തിൽ എഴുതുന്ന ഫയലും മലയാളത്തിലുള്ള ഫയലായി കണക്കാക്കുന്നതാണ്. ഇതനുസരിച്ചാണ് ഭാഷാമാറ്റ പുരോഗതി കണക്ക് എടുക്കേണ്ടതും പട്ടിക പൂരിപ്പിക്കേണ്ടതും. ഭാഷാമാറ്റ പുരോഗതി സംബന്ധിച്ച ത്രൈമാസക്കണക്കുകൾ നിർദ്ദിഷ്ട ഫോറത്തിൽ അയയ്ക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

*3. പരിഭാഷാസെല്ലുകൾ.*

വിവിധ വകുപ്പുകളിലെ കോഡുകൾ, മാനുവലുകൾ, ഫാറങ്ങൾ തുടങ്ങിയവ പരിഭാഷപ്പെടുത്തുന്നതിന് അതത് വ്കുപ്പിൽ പരിഭാഷാസെല്ലുകൾ രൂപീകരിക്കണമെന്ന് 2003 ജൂലായ് 16-ാം തീയതിയിലെ സ.ഉ. (കൈയ്യെഴുത്ത്)നമ്പർ 19/03/ ഉഭപവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണഭാഷ മലയാളമാക്കിയ എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും അവരുടെ കോഡുകൾ, മാനുവ

ലുകൾ, ഫാറങ്ങൾ തുടങ്ങിയവയുടെ പരിഭാഷ 2008 മാർച്ച് 31 നു മുമ്പ് പൂർത്തിയാക്കണമെന്നും കൂടുതൽ സമയം ആവശ്യമുള്ള പക്ഷം അതിന്റെ വിശദീകരണം സഹിതം പൂർത്തിയാക്കിയവ സംബന്ധിച്ച റിപ്പോർട്ട് ഔദ്യോഗിക ഭാഷാ വകുപ്പിന് അയക്കേണ്ടതാണെന്നും തീരുമാനിച്ചു.

***4) നോഡൽ ഓഫീസർ***

മലയാളം ഭരണഭാഷയാക്കിയ വകുപ്പുകളിലും ഭരണവകുപ്പുകളിലും ഔദ്യോഗിക ഭാഷ സംബന്ധിച്ച കാര്യങ്ങളുടെ ചുമതലയും നിർവ്വഹണത്തിനുമായി നോഡൽ ഓഫീസർമാരെ നിയമിക്കണമെന്ന് 9/3/07-ലെ 7666/ഔ.ഭാ3/2006/ഉപഭവ.....നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ചില ഓഫീസുകളിൽ നിന്നും ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി ഔദ്യോഗിക ഭാഷാ വകുപ്പിനെ അറിയിച്ചിട്ടില്ല. 2008 ജനുവരി 31 നു മുമ്പ് നോഡൽ ഓഫീസർ നിയമനം സംബന്ധിച്ച റിപ്പോർട്ട് എല്ലാ വകുപ്പുകളും ഔദ്യോഗിക ഭാഷാ വകുപ്പിന് അയക്കേണ്ടതാണെന്നും തീരുമാനിച്ചു.

***5.മലയാള ദിനാഘോഷവും ഭരണ ഭാഷാ വാരാഘോഷവും***

2002 മുതൽ നവംബർ 1 മലയാള ദിനമായും നവംബർ 1മുതൽ7 വരെ ഭരണഭാഷാ വാരമായും സർക്കാർ ആഘോഷിച്ചുവരുന്നു. ഇതോടനുബന്ധിച്ച് വിവിധ വകുപ്പുകളിൽ ചെയ്യേണ്ട കാര്യങ്ങൾ സർക്കാരിന്റെ 2002 മാർച്ച് 18-ാം തിയതിയിലെ സ.ഉ.അച്ചടിച്ചത് നമ്പർ 31/02/ഉപഭവ നമ്പർ ഉത്തരവ് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ഇതിന്റെ റിപ്പോർട്ട് നവംബർ 30 നകം ഔദ്യോഗിക ഭാഷാ വകുപ്പിന് അയക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ചില വകുപ്പുകളിൽ നിന്ന് ഇവ അയച്ചു കാണുന്നില്ല. മലയാളം ഭരണഭാഷയാക്കിയ എല്ലാ വകുപ്പുകളും ഇതു സംബന്ധിച്ച് നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

***6.ഔദ്യോഗിക മലയാളം സോഫ്റ്റ്‌വെയർ***

ഔദ്യോഗിക ഭാഷാ വകുപ്പിന്റെ നേതൃത്വത്തിൽ വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെയും സി.ഡിറ്റിന്റെയും സഹായത്തോടെ തയ്യാറാക്കിയ 'കാവേരി' ഔദ്യോഗിക മലയാളം സോഫ്റ്റ്‌വെയർ www.clickeralam.org എന്ന വെബ് സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കുന്നതിന് സർക്കാർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 50 രൂപയ്ക്ക് നേരിട്ടും 100 രൂപയ്ക്ക് തപാൽമുഖേനയും

സി.ഡിറ്റിൽ നിന്നും (ചിത്രാഞ്ജലി,തിരുവല്ലം, തിരുവനന്തപുരം) ഇതിന്റെ സി.ഡി. വാങ്ങാവുന്നതുമാണ്.

*7.ഭരണ ഭാഷാ പുരസ്കാരം*

സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഭരണ ഭാഷാ പുരസ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് യഥാക്രമം 2003 സെപ്തംബർ 23-ാം തീയതിയിലെ സ.ഉ.(അച്ചടിച്ചത് ) നമ്പർ 29/03/ഉപഭവ, 2004 മെയ് 15-ലെ സ.ഉ.(അച്ചടിച്ചത്) നമ്പർ 29/03/ഉപഭവ, ഉത്തരവുകളിലായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണഭാഷാ സേവന പുരസ്കാരവും ഭരണഭാഷാ ഗ്രന്ഥ രചനാ പുരസ്കാരവും സംസ്ഥാനതലത്തിൽ നൽകുമ്പോൾ ജില്ലാ തലത്തിൽ സേവന പുരസ്കാരം മാത്രമാണ് നൽകുന്നത്. ഇവയ്ക്കുപുറമേ താലൂക്കുതലത്തിൽ സത്സേവനരേഖ നൽകുന്നതിനും സർക്കാർ നിർദ്ദേശമുണ്ട് (21/12/2001-ലെ സ.ഉ.(അച്ചടിച്ചത)് നമ്പർ 202/01/ ഉപഭവ നമ്പർ ഉത്തരവ്) ബന്ധപ്പെട്ട മേലധികാരികളുടെ അശ്രദ്ധമൂലം പല വകുപ്പുകളിലും ജില്ലകളിലും താലൂക്കുകളിലും ഈ പുരസ്കാരങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കാണുന്നില്ല എന്ന് യോഗം വിലയിരുത്തി. ഉദ്യോഗസ്ഥർക്ക് ഭരണ ഭാഷാ പുരസ്കാരം ലഭിക്കുന്നതിനു സഹായകമായ വിധത്തിൽ ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ ഇതു സംബന്ധിച്ച ഉത്തരവുകൾക്ക് അനുസൃതമായി പരിശ്രമിക്കേണ്ടതാണ്. ഓരോ വർഷവും നൽകുന്ന പുരസ്കാരങ്ങളുടെയും സത്സേവന രേഖകളുടെയും വിവരങ്ങൾ തഹസിൽദാർമാരും, ജില്ലാ കളക്ടർമാരും ഔദ്യോഗിക ഭാഷാ വകുപ്പിനെ നവംബർ 30 നകം അറിയിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു. ആദ്യമായി 100% ഭാഷാമാറ്റം കൈവരിക്കുന്ന ജില്ലയ്ക്കും വകുപ്പിനും സർക്കാർ ഭരണഭാഷാസേവന പുരസ്കാരംഏർപ്പെടുത്തിയിട്ടുണ്ട്. (2005 നവംബർ 5 ലെ സ.ഉ.അച്ചടിച്ചത് നമ്പർ 22/05/ഉപഭവനമ്പർ ഉത്തരവ്) വകുപ്പുകളിൽ നിന്നും ജില്ലകളിൽ നിന്നും ഇതു സംബന്ധമായ നടപടികൾ പൂർത്തിയാക്കി അപേക്ഷകൾ സമർപ്പിക്കാവുന്നതാണെന്നും യോഗം തീരുമാനിച്ചു.

*8.വാഹനങ്ങളിലെ മലയാളം എഴുത്തുകൾ*

എല്ലാ സർക്കാർ വാഹനങ്ങളിലും മലയാളത്തിൽ വകുപ്പിന്റെ പേര് എഴുതണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് ( 9/3/07-ലെ 7668/ഔ.ഭാ3/2006/ഉപഭവ നമ്പർ സർക്കുലർ). ഇതു സംബന്ധിച്ച നടപടികൾ പൂർത്തിയായിട്ടില്ല എന്ന് യോഗം വിലയിരുത്തി. എഴുത്തുകൾ മലയാളത്തിലാക്കുമ്പോൾ അക്കങ്ങൾ മലയാളത്തിൽ ആക്കേണ്ടതില്ല. എല്ലാ വകുപ്പുകളും വാഹനങ്ങളിൽ മലയാളം എഴുതുന്നതു സംബന്ധിച്ച

നടപടി പൂർത്തിയാക്കി 2008 മാർച്ച് 31-നു മുമ്പ് ഔദ്യോഗിക ഭാഷാ വകുപ്പിന് റിപ്പോർട്ട് നൽകണമെന്ന് യോഗം തീരുമാനിച്ചു.

***9.വകുപ്പുതല പദകോശം***

വിവിധ വകുപ്പുകളിലെ സാങ്കേതിക പദങ്ങൾ സമാഹരിച്ച് വകുപ്പുതല പദകോശങ്ങൾ പ്രസിദ്ധീകരിക്കുന്നതു സംബന്ധിച്ച നടപടി ഔദ്യോഗിക ഭാഷാ വകുപ്പിൽ പുരോഗമിച്ചുവരുകയാണ്. ഏഴു വകുപ്പുകളിലെ സാങ്കേതിക പദകോശങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. മറ്റുള്ളവ കിട്ടുന്ന മുറയ്ക്ക് സൂക്ഷ്മപരിശോധന നടത്തി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ചില വകുപ്പുകളിൽ നിന്ന് ഇനിയും ഇതിന്റെ കരട് രൂപം ലഭിക്കാനുണ്ട്. സാങ്കേതിക പദങ്ങളും അവയുടെ സമാനമായ മലയാള പദങ്ങളും എഴുതിയ പട്ടിക 2008 മാർച്ച് 31 നു മുമ്പ് ഔദ്യോഗിക ഭാഷാ വകുപ്പിന് അയച്ചുതരണമെന്ന് യോഗം നിർദ്ദേശിച്ചു.

***10.ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി***

ഔദ്യോഗിക ഭാഷാ വകുപ്പിന്റെ നേതൃത്വത്തിൽ ഐ.എം.ജിയുടെ തിരുവനന്തപുരം,കൊച്ചി,കോഴിക്കോട് കേന്ദ്രങ്ങളിലായി ക്ലാസ്സ്-3 തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് വേണ്ടി ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി സംഘടിപ്പിച്ചുവരുന്നു. ഈ പരിശീലനപരിപാടിയുടെ പാഠ്യപദ്ധതിയും നടത്തിപ്പും വിശദമായ വിവരങ്ങൾ സർക്കാർ ഉത്തരവിൽ നൽകിയിട്ടുണ്ട്. 30 പേർ വീതമുള്ള 5 ദിവസത്തെ കോഴ്സുകളായിട്ടാണ് ഉദ്യോഗസ്ഥർക്കു പരിശീലനം നൽകുന്നത്. പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിച്ച് പ്രായോഗിക പരിശീലനം കൂടുതലായി ചേർത്തിട്ടുണ്ട്. ഔദ്യോഗിക ഭാഷാ പരിശീലന പരിപാടിയിൽ ഉദ്യോഗസ്ഥരെ അയയ്ക്കാതിരിക്കുകയോ നിയോഗിച്ചിട്ട് പങ്കെടുക്കാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർ ഇതു മൂലം സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം നികത്തേണ്ടിവരുമെന്നും 2003 ജൂലായ് 16-ാം തീയതിയിലെ സ.ഉ.അച്ചടിച്ചത് നമ്പർ 18/2003/ഉഭപവ ഉത്തരവ് പ്രകാരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുള്ളതാണ്. ഭരണരംഗത്തെ ഭാഷാപ്രയോഗം സംബന്ധിച്ച് പ്രായോഗികമായ പരിജ്ഞാനം നൽകുന്ന ഔദ്യോഗിക ഭാഷാ പരിശീലന പരിപാടിയുടെ പ്രാധാന്യവും പ്രസക്തിയും മനസ്സിലാക്കി ഉദ്യോഗസ്ഥരെ ഇതിന് അയയ്ക്കണമെന്നും ഇനിയും ഈ പരിശീലനപരിപാടിയിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥരുടെ പേരു വിവരപട്ടിക എല്ലാ വകുപ്പുതലവൻമാരും 2008 ജനുവരി 31 നകം ഔദ്യോഗിക ഭാഷാ വകുപ്പിനെ അറിയിക്കണമെന്നും യോഗം നിർദ്ദേശിച്ചു.

11. <u>സർക്കാരിന്റെ വെബ്സൈറ്റ്:</u>

സർക്കാരിന്റെ വെബ്സൈറ്റ് ഇപ്പോൾ ഇംഗ്ലീഷ് ഭാഷയിലാണ്. മലയാള പരിഭാഷ കൂടി ഉൾപ്പെടുത്തണമെന്ന് യോഗത്തിൽ നിർദ്ദേശം ഉയർന്നുവന്നു. ഇതിനു വേണ്ട നടപടികൾ ഔദ്യോഗിക ഭാഷാ വകുപ്പിൽ ആരംഭിക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

12. <u>പുരാവസ്തു വകുപ്പ് പേരിന്റെ പരിഷ്കരണം:</u>

പുരാവസ്തു വകുപ്പിന്റെ പേര് അർത്ഥ പൂർണ്ണമാകണമെങ്കിൽ പുരാവസ്തു ഗവേഷണ വകുപ്പ് എന്ന് മാറ്റേണ്ടതാണെന്ന് പ്രസ്തുത വകുപ്പിന്റെ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി. ഇതിന് നിർദ്ദേശങ്ങൾ വകുപ്പിൽ നിന്ന് ഭരണ വകുപ്പിന് അയയ്ക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചു.

13. <u>ഭരണഭാഷ മലയാളമാക്കിയിട്ടുള്ള സ്ഥാപനങ്ങൾ:</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള പിന്നാക്ക വിഭാഗ കമ്മീഷൻ, കേരള വനിതാ കമ്മീഷൻ. ലോകായുക്ത, ഓംബുഡ്സ്മാൻ, കേരള വിദ്യുച്ഛക്തി ബോർഡ്, കേരള ധനകാര്യ കോർപ്പറേഷൻ തുടങ്ങി 38 അർദ്ധ സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളിൽ മലയാളം ഭരണഭാഷയാക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളും തിരുമാനങ്ങളും മലയാളം ഭരണഭാഷയാക്കിയിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാണെന്ന് ചീഫ് സെക്രട്ടറി ഓർമ്മിപ്പിച്ചു.

14. <u>ഔദ്യോഗിക ഭാഷ സംബന്ധമായ ഗ്രന്ഥങ്ങൾ:</u>

ഔദ്യോഗിക ഭാഷ സംബന്ധമായ സർക്കാർ പ്രസിദ്ധീകരണ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരണ സമയത്തുതന്നെ വിവിധ ഓഫീസ്സുകൾക്ക് ജില്ലാ ഇൻഫർമേഷൻ ഓഫീസ്സുകൾ വഴി വിതരണം ചെയ്തു വരുന്നു. അവ ആഫീസ്സുകളിൽ സൂക്ഷിക്കുന്നുണ്ടെന്നും ഉദ്യോഗസ്ഥർ അവ പ്രയോജനപ്പെടുത്തുന്നുണ്ടെന്നും ബന്ധപ്പെട്ട എല്ലാ ഓഫിസർമാരും ഉറപ്പു വരുത്തേണ്ടതാണ്. നിലവിലുള്ള പുസ്തകങ്ങൾ ലഭിക്കുന്നതിന് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരെയാണ് സമീപിക്കേണ്ടത്.

15 <u>ഔദ്യോഗിക ഭാഷ നിയമസഭ സമിതി:</u>

ഔദ്യോഗിക ഭാഷ സംബന്ധിച്ച നിയമസഭ സമിതി വകുപ്പുതലത്തിലും ജില്ലാ തലത്തിലും ഭാഷമാറ്റ പുരോഗതി സംബന്ധിച്ച് തെളിവെടുപ്പുനടത്തി സർക്കാരിന് റിപ്പോർട്ട് നൽകി വരുന്നു. ഇതിന്മേൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഔദ്യോഗിക ഭാഷ വകുപ്പിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്കും ഭരണവകുപ്പുകൾക്കും റിപ്പോർട്ടുകളുടെ പ്രസക്തഭാഗങ്ങൾ അയയ്ക്കുന്നുണ്ട്. യഥാസമയം മറുപടി നൽകാതിരിക്കുന്നതും നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നതും കൃത്യവിലോപമായി കണക്കാക്കുന്നതും ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതുമാണ്. ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും ഉണ്ടാകാതിരിക്കുവാൻ ബന്ധപ്പെട്ടവരെല്ലാം ശ്രദ്ധിക്കണമെന്ന് ചീഫ് സെക്രട്ടറി യോഗത്തെ അറിയിച്ചു.

യോഗം 1 മണിക്ക് സമാപിച്ചു.

ചീഫ് സെക്രട്ടറി.

അനുബന്ധം-II

## സെക്രട്ടറിയേറ്റിലെ ഭരണ വകുപ്പുകളുടെ ഭാഷാ മാറ്റ പുരോഗതി

**2007 ജനുവരി - ഒക്ടോബർ**

| നമ്പർ | വകുപ്പുകൾ | 1/07 | 2/07 | 3/07 | 4/07 | 5/07 | 6/07 | 7/07 | 8/07 | 9/07 | 10/07 |
|---|---|---|---|---|---|---|---|---|---|---|---|
| | | % | % | % | % | % | % | % | % | % | % |
| 1 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം(ഔ.ഭാ) | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |
| 2 | പൊതുജന സമ്പർക്കം | 90 | 91 | 93 | 94 | 95 | 97 | 96 | 90 | 91 | 93 |
| 3 | പാർലമെന്ററി കാര്യം | 80 | 81 | 83 | 80 | 70 | 79 | 76 | 71 | 80 | 89 |
| 4 | സാമൂഹ്യ ക്ഷേമം | 58 | 60 | 62 | 63 | 65 | 66 | 67 | 66 | 67 | 69 |
| 5 | റവന്യൂ | 56 | 57 | 56 | 55 | 56 | 57 | 58 | 59 | 59 | 60 |
| 6 | ഗ്രാമ വികസനം | 95 | 96 | 97 | 98 | 99 | 98 | 96 | 97 | 98 | 98 |
| 7 | തെരഞ്ഞെടുപ്പ് | 90 | 90 | 91 | 93 | 94 | 91 | 90 | 92 | 91 | 90 |
| 8 | സാംസ്കാരികം | 79 | 78 | 77 | 66 | 69 | 69 | 70 | 72 | 71 | 70 |
| 9 | ആസൂത്രണ സാമ്പത്തിക കാര്യം | 56 | 58 | 70 | 70 | 71 | 73 | 74 | 81 | 80 | 76 |
| 10 | പട്ടികജാതി/പട്ടികവർഗ്ഗ വികസനം | 66 | 67 | 67 | 69 | 68 | 67 | 66 | 71 | 81 | 77 |
| 11 | സഹകരണം | 65 | 66 | 63 | 61 | 60 | 71 | 71 | 73 | 73 | 72 |
| 12 | ഭക്ഷ്യ സിവിൽ സപ്ലൈസ് | 66 | 67 | 68 | 70 | 71 | 73 | 76 | 76 | 59 | 61 |
| 13 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം | 78 | 79 | 80 | 81 | 83 | 82 | 82 | 80 | 81 | 83 |
| 14 | തദ്ദേശസ്വയം ഭരണം | 66 | 66 | 63 | 63 | 62 | 61 | 66 | 67 | 68 | 69 |
| 15 | മൃഗസംരക്ഷണം | 69 | 69 | 66 | 67 | 67 | 66 | 61 | 60 | 69 | 69 |
| 16 | ഭവന നിർമ്മാണം | 72 | 71 | 70 | 70 | 72 | 72 | 71 | 70 | 69 | 68 |
| 17 | ഫിഷറീസ് | 66 | 66 | 65 | 64 | 63 | 62 | 60 | 65 | 66 | 67 |
| 18 | വനം | 60 | 60 | 63 | 61 | 62 | 62 | 63 | 66 | 66 | 68 |
| 19 | കൃഷി | 48 | 48 | 48 | 46 | 47 | 47 | 48 | 50 | 52 | 53 |
| 20 | തുറമുഖം | 46 | 46 | 47 | 47 | 46 | 45 | 44 | 44 | 60 | 61 |
| 21 | വ്യവസായം | 48 | 47 | 48 | 48 | 45 | 43 | 46 | 46 | 48 | 51 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 22 | ഊർജ്ജം | 56 | 57 | 55 | 58 | 58 | 57 | 56 | 55 | 54 | 53 |
| 23 | ആരോഗ്യം | 49 | 50 | 52 | 56 | 56 | 57 | 59 | 59 | 58 | 57 |
| 24 | ആഭ്യന്തരം | 50 | 52 | 53 | 55 | 57 | 58 | 59 | 59 | 60 | 60 |
| 25 | പൊതുഭരണം | 45 | 41 | 40 | 47 | 65 | 56 | 58 | 57 | 60 | 65 |
| 26 | നികുതി | 58 | 60 | 65 | 67 | 70 | 73 | 75 | 77 | 77 | 76 |
| 27 | ഉന്നത വിദ്യാഭ്യാസം | 65 | 65 | 67 | 70 | 73 | 75 | 70 | 72 | 73 | 75 |
| 28 | കോസ്റ്റൽ ഷിപ്പിങ് | 48 | 48 | 46 | 45 | 45 | 47 | 55 | 57 | 59 | 61 |
| 29 | ശാസ്ത്ര സാങ്കേതികം | 60 | 61 | 66 | 67 | 68 | 69 | 70 | 72 | 70 | 69 |
| 30 | തൊഴിൽ | 48 | 48 | 59 | 59 | 66 | 67 | 60 | 61 | 63 | 68 |
| 31 | പൊതുമരാമത്ത് | 61 | 63 | 61 | 61 | 67 | 69 | 69 | 67 | 68 | 66 |
| 32 | നോർക്ക | 56 | 54 | 51 | 51 | 53 | 55 | 57 | 66 | 60 | 55 |
| 33 | ഗതാഗതം | 50 | 50 | 56 | 55 | 54 | 53 | 56 | 60 | 66 | 67 |
| 34 | പൊതു വിദ്യാഭ്യാസം | 60 | 63 | 66 | 65 | 67 | 69 | 66 | 61 | 68 | 66 |
| 35 | വിജിലൻസ് | 60 | 61 | 63 | 62 | 65 | 60 | 66 | 61 | 66 | 67 |
| 36 | ജല വിഭവം | 58 | 60 | 66 | 70 | 72 | 71 | 70 | 69 | 69 | 68 |
| 37 | സ്റ്റോഴ്സ് പർച്ചേസ് | 56 | 58 | 60 | 70 | 7 1 | 69 | 68 | 73 | 74 | 75 |
| 38 | ധന കാര്യം | 58 | 58 | 63 | 61 | 60 | 66 | 66 | 65 | 64 | 63 |
| 39 | നിയമം | 55 | 55 | 50 | 40 | 46 | 41 | 43 | 48 | 49 | 50 |
| 40 | വിവര സാങ്കേതികം | 56 | 70 | 72 | 73 | 76 | 78 | 73 | 76 | 75 | 78 |

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 157 — 11-03-2008 ൽ മറുപടിയ്ക്ക്

## അതിവേഗ തീവണ്ടിപ്പാത

ചോദ്യം:
ശ്രീ.പി.തിലോത്തമൻ :
ശ്രീ.രാജാജി മാത്യു തോമസ് :
ശ്രീ.എ.കെ.ചന്ദ്രൻ :
ശ്രീ.ബാബുപോൾ :
ശ്രീ.കെ.രാജു :

ഉത്തരം
ശ്രീ. എം.വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ). സംസ്ഥാനത്തെ തെക്കു-വടക്ക് ബന്ധിപ്പിക്കുന്ന അതിവേഗ തീവണ്ടിപ്പാത സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ കേന്ദ്രത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എ). ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2007 ലെ റെയിൽ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി, ദക്ഷിണ മേഖലയിൽ തിരുവനന്തപുരം- എറണാകുളം കോയമ്പത്തൂർ - ബാഗ്ളൂർ - ചെന്നൈ നഗരങ്ങളെ ബന്ധപ്പെടുത്തി ഒരു അതിവേഗ തീവണ്ടിപ്പാതക്ക് സാധ്യതാ പഠനം നടത്തുന്നത് സംബന്ധിച്ച് റെയിൽ ബോർഡ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരായുകയും സംസ്ഥാന സർക്കാർ സന്നദ്ധത അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി). പ്രധാന നഗരങ്ങളെയും സമീപ സ്ഥലങ്ങളിലുള്ള ജനവാസ കേന്ദ്രങ്ങളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള ലൈറ്റ് റെയിൽവേ, ട്രാംവേ, മോണോറെയിൽ തുടങ്ങിയ മാസ്ട്രാൻസിറ്റ് സംവിധാനങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

(ബി). കൊച്ചിയിൽ ആലുവ മുതൽ തൃപ്പൂണിത്തുറ വരെ (പേട്ട) 25.253 കി.മീ ദൂരം വരുന്ന ഒരു എലിവേറ്റഡ് ലൈറ്റ് മെട്രോ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 158 — 11 . 03 . 2008 ലെ മറുപടിക്ക്

### റെയിൽവേ ലൈനുകൾക്ക് ഭൂമി ഏറ്റെടുക്കാൻ നടപടി

| ചോദ്യം: | ഉത്തരം : |
| --- | --- |
| ശ്രീ. തിരുവഞ്ചിയൂർ രാധാകൃഷ്ണൻ<br>ശ്രീ. എം. മുരളി | ശ്രീ. എം. വിജയകുമാർ<br>(നിയമവും<br>പാർലമെന്ററികാര്യവും<br>സ്പോർട്ട്സും<br>യുവജനക്ഷേമവും തുറമുഖവും<br>വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഏതെല്ലാം റെയിൽവേ ലൈനുകൾക്ക് ഭൂമി ഏറ്റെടുക്കുവാനാണ് തീരുമാനമായിട്ടുള്ളത്; എന്നാണ് ഈ തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ; | എ) ഗുരുവായൂർ-താനൂർ റെയിൽവേ ലൈനിനും, അങ്കമാലി-അഴുത ശബരി റെയിൽവേ ലൈനിനും വേണ്ടി ഭൂമി ഏറ്റെടുക്കുവാൻ യഥാക്രമം 26.02.2007 ലെ ജി.ഒ. (എം.എസ്) 8 / 07 ഗതാ, 15. 01. 08 ലെ ജി. ഒ.(എം.എസ്) 02 /08/ഗത നമ്പർ ഉത്തരവുകൾ പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>കൂടാതെ താഴെപറയുന്ന റെയിൽവേ ലൈനുകൾ ഇരട്ടിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനും തീരുമാനമായിട്ടുണ്ട്.<br><br>1. എറണാകുളം നോർത്ത്-മുളന്തുരുത്തി<br>2. മുളന്തുരുത്തി-കുറുപ്പന്തുറ<br>3. ചെങ്ങന്നൂർ-ചിങ്ങവനം<br>4. ചെങ്ങന്നൂർ- മാവേലിക്കര<br>5. ചേപ്പാട്-ഹരിപ്പാട്<br>6. ഷൊർണ്ണൂർ-മാംഗ്ളൂർ |

| | | | |
|---|---|---|---|
| ബി) | ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി ഇതിലേതെങ്കിലും റെയിൽവേ ലൈനിന് ഭൂമിയെടുക്കുവാൻ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ; | ബി) | ഉണ്ട് |
| സി) | എങ്കിൽ ഏതു ലൈനിൻേറതെന്നു വെളിപ്പെടുത്തുമോ; | സി) | ഗുരുവായൂർ-താനൂർ റെയിൽവേ ലൈനും, അങ്കമാലി-അഴുത ശബരി ലൈനും ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| ഡി) | ഗവൺമെന്റ് നിർദ്ദേശിച്ച പ്രകാരം പ്രസ്തുത ലൈനിന് ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി ഭൂമിയെടുത്തോ എന്ന് വെളിപ്പെടുത്തുമോ; | ഡി) | ഗുരുവായൂർ-താനൂർ റെയിൽവേ ലൈനിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ട തൃശൂർ, മലപ്പുറം ജില്ലകളിലായിട്ടാണ് പ്രസ്തുത റെയിൽവേ ലൈൻ കടന്നുപോകുന്നത്.<br><br>തൃശൂർ ജില്ലയിലെ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു.<br><br>എന്നാൽ മലപ്പുറം ജില്ലയിൽ ഭൂമി ഏറ്റെടുക്കുന്ന നടപടി തദ്ദേശവാസികളുടെ എതിർപ്പ് മൂലം സ്തംഭനാവസ്ഥയിലാണ്.<br><br>അങ്കമാലി ശബരി റെയിൽവേ ലൈനിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി പ്രാരംഭ ഘട്ടത്തിലാണ് |
| ഇ) | ഇല്ലെങ്കിൽ എന്തുകൊണ്ട്; ഇക്കാര്യത്തിലുള്ള നിർദ്ദേശം അവഗണിച്ച റവന്യൂ ഉദ്യോഗസ്ഥൻമാരുടെ മേൽ നടപടിയെടുക്കുമോ എന്നു വ്യക്തമാക്കുമോ ? | ഇ) | റവന്യൂ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

12305/06

GOVERNMENT OF KERALA

**Abstract**

Transport Department – Inclusion of Guruvayur –Tanur Railway Line among Fa
Track Projects – Orders Issued.

TRANSPORT (A) DEPARTMENT

G.O. (MS) No. 8 /07/Tran. Dated, Thiruvananthapuram, 26.2.20

**ORDER**

Government hereby order to include the proposed Guruvayur-Tan
Railway Line among Fast Track Project.

By Order of the Gover

Jiji Thoms
Principal Secretary to Governm

To

The District Collector, Thrissur,
Commissioner of Land Revenue
General Administration (SC) Department (vide item No. 802 in the proceedings of Council of Ministers dated 22.2.2007)

Sf/Oc

Forwarded by or

Section Off

GOVERNMENT OF KERALA

**Abstract**

Transport department – Acquisition of land for the construction of Angamali-Sabari Railway line under the Fast Track Projects Scheme – Sanctioned – Orders issued.

---

TRANSPORT (A) DEPARTMENT

G.O. (MS) 2 /08/Tran. Dated, Thiruvananthapuram, 15.1.2008

---

**ORDER**

Government hereby order to acquire the entire land required for the proposed construction of Angamaly-Sabari Railway line by including under the Fast Track Projects Scheme.

By Order of the Governor

K.R. JYOTHILAL
Special Secretary in-charge of Railways

To

The District Collector, Idukki
The District Collector, Kottayam
The District Collector, Ernakulam.
The commissioner of Land Revenue
General Administration (SC) Department (vide U.O. No. 5504/A2/01/Tran. dt.
Sf/Oc

Forwarded by Order

Section Officer

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 159 — 11-03-2008 ൽ മറുപടിയ്ക്ക്.

## ശബരി റെയിൽപ്പാത

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം :<br>ശ്രീ.ബി.ഡി.ദേവസ്സി :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.കെ.സി.രാജഗോപാലൻ : | ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ). അങ്കമാലി മുതൽ അഴുത വരെയുള്ള ശബരി റെയിൽപ്പാതയുടെ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കും; | (എ). അങ്കമാലി -അഴുത ശബരി റെയിൽപാതയുടെ നിർമ്മാണത്തിന് കേന്ദ്ര റെയിൽ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണത്തിനുള്ള നടപടികൾ റെയിൽവേ ആരംഭിച്ചുകഴിഞ്ഞു. |
| (ബി). ശബരി പാതയ്ക്ക് എത്ര കിലോമീറ്റർ ദൈർഘ്യമുണ്ട് ; പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ ; സ്ഥലം ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ; | (ബി). യും (സി) യും<br>ശബരി പാതയ്ക്ക് 133 കി.മീ. ദൈർഘ്യമുണ്ട്. ഇതിന് ആവശ്യമായ ഭൂമി ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി സമയബന്ധിതമായി ഏറ്റെടുത്തു നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് നൽകുന്ന മുറയ്ക്ക് പാതയുടെ പണി റെയിൽവേ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി). പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 160. 11/3/2008 ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം ടെക്നോപാർക്കിന്റെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.വി..ജെ.തങ്കപ്പൻ<br>ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം ടെക്നോപാർക്കിന്റെ വികസനത്തിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ടെക്നോപാർക്കിന്റെ രണ്ടും മൂന്നും ഘട്ടവികസന പ്രവർത്തനങ്ങൾ തുടരുകയും നാലാംഘട്ട വികസന പ്രവർത്തനമായ ടെക്നോസിറ്റിയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 8.5.ലക്ഷം ചതുരശ്ര അടി ബിൽറ്റ് അപ് സ്പേസ് ഏരിയയുള്ള തേജസ്വിനി എന്ന കെട്ടിടം പണി പൂർത്തിയാക്കി കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഇവിടെ എത്ര കമ്പനികൾ പുതുതായി പ്രവർത്തനം ആരംഭിച്ചു; | (ബി) 49 കമ്പനികൾ പുതുതായി പ്രവർത്തനം ആരംഭിച്ചു. |
| (സി) കമ്പനികളുടെ വികസനത്തിന് കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (സി).ഉണ്ട്. കമ്പനികളുടെ വികസനത്തിന് കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിനായി 8.5.ലക്ഷം ചതുരശ്ര അടി ബിൽറ്റ് അപ് സ്പേസ് ഏരിയായുള്ള തേജസ്വിനി എന്ന കെട്ടിടം പണി പൂർത്തിയാക്കി കമ്പനികൾക്ക് പ്രവർത്തനത്തിനായി നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;<br><br>(ഇ)ടെക്നോപാർക്കിന്റെ വികസനത്തിനായി 100 ഏക്കർ സ്ഥലം പുതുതായി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ? | (ഡി)&(ഇ) ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടവികസനത്തിനായി ഏറ്റെടുക്കുന്ന 100 ഏക്കർ ഭൂമിയിൽ 70 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. ബാക്കി 30 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന്റെ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അടിസ്ഥാന സൗകര്യവികസനത്തിനായി കാമ്പസിനുള്ളിലെ നിലവിലുള്ള റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു റിംഗ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ രണ്ടും മൂന്നുംഘട്ടവികസനപദ്ധതികൾക്കാവശ്യമായ ജലം, വൈദ്യുതി തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.161 11-03-2008-ൽ മറുപടിയ്ക്ക്

സച്ചാർ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നതിനെക്കുറിച്ച് റിപ്പോർട്ട് നൽകാൻ നിയോഗിച്ച ശ്രീ.പാലൊളി മുഹമ്മദ് കുട്ടി അദ്ധ്യക്ഷനായ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ പ്രധാനമായും എത്ര ശുപാർശകളാണ് റിപ്പോർട്ടിലുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;<br>(സി) ഇവ നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ;<br>(ഡി) ഉദ്യോഗരംഗത്തെ പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിനായി ബാക്ക്‌ലോഗ് നികത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) യും (സി) യും (ഡി) യും റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 162, 11-3-2008-ൽ മറുപടി നല്കേണ്ടത്

ബൗദ്ധിക സ്വത്തവകാശ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു :<br>" എ.പി.അനിൽകുമാർ:<br>" കെ.സി.വേണുഗോപാൽ: | ശ്രീ.എം.വിജയകുമാർ,<br>(നിയമവും പാർലമെൻററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച് സർക്കാർ കരട് നയം തയ്യാറാക്കിയിട്ടുണ്ടോ; | ഉണ്ട്. |
| (ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൻെറ എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; | ഇല്ല. |
| (സി) പ്രസ്തുത നിർദ്ദേശമനുസരിച്ച് സംസ്ഥാന സർക്കാർ എന്തൊക്കെ നയപരിപാടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | ബാധകമല്ല. |
| (ഡി) ബൗദ്ധിക സ്വത്തവകാശ നയം സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | നിയമ നിർമ്മാണം ആവശ്യമുണ്ടോയെന്നകാര്യം പരിശോധിച്ച് വരികയാണ്. |
| (ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബാധകമല്ല. |

ഉത്തരവിൻ പ്രകാരം

K S [signature]

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
എഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 163 — 11.03.2008-ൽ മറുപടിക്ക്

**വിമാന ടിക്കറ്റ് ചാർജ്ജ് വർദ്ധന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. വി.എസ്. അച്യുതാനന്ദൻ (ബഹു. മുഖ്യമന്ത്രി) |
| (എ) സീസൺ സമയത്ത് അന്യായമായി ചാർജ്ജ് വർദ്ധിപ്പിക്കുന്ന വിമാന കമ്പനികളുടെ നടപടി മൂലം വിദേശ ഇൻഡ്യക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ സീസൺ സമയത്ത് അന്യായമായി ചാർജ്ജ് വർദ്ധിപ്പിക്കുന്ന വിമാന കമ്പനികളുടെ നടപടി കേന്ദ്ര വ്യോമയാന വകുപ്പിന്റെയും, പ്രധാനമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ഗൾഫ് മേഖലയിൽ നിന്ന് കേരളത്തിലേയ്ക്ക് സർവ്വീസ് നടത്തുന്ന വിമാന കമ്പനികൾ സീസൺ കാലയളവിൽ യാത്രാ കൂലിയിൽ വർദ്ധനവ് നടത്തുന്നത് നിരവധി തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയ്ക്കും ഇത് സംബന്ധിച്ച് നിവേദനം നൽകിയിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ തുടർന്നും സമ്മർദ്ദം ചെലുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: റ്റി. 164

11-03-2008 ൽ മറുപടിയ്ക്ക്

## സ്വകാര്യ സെല്ലുലാർ ഫോൺ കമ്പനികളുടെ തട്ടിപ്പ്

ചോദ്യം:
ശ്രീ.ജോസ് തെറ്റയിൽ :
ശ്രീ.എം.വി.ശ്രേയാംസ് കുമാർ :
ശ്രീ.എം.കെ.പ്രേംനാഥ് :

ഉത്തരം
ശ്രീ. വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ). സംസ്ഥാനത്തെ സ്വകാര്യ സെല്ലുലാർ ഫോൺ കമ്പനികൾ സാമ്പത്തിക ഇടപാടുകളിലും ബില്ലിംഗിലും തട്ടിപ്പുകൾ നടത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി). സെല്ലുലാർ കമ്പനികൾ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി). സെല്ലുലാർ കമ്പനികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും വീക്ഷിക്കാനും സർക്കാർ തലത്തിൽ ഒരു സമിതിയെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ ?

(എ), (ബി), (സി).

രാജ്യത്തെ സ്വകാര്യ സെല്ലുലാർ ഫോൺ ഉൾപ്പെടെയുള്ള ടെലികമ്മ്യൂണിക്കേഷൻ പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാരിന്റെ നയപരമായ കാര്യങ്ങളാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് യാതൊരു നിയന്ത്രണവുമില്ല. എങ്കിലും ഇത് സംബന്ധിച്ച് കേന്ദ്ര ടെലികോം കമ്മീഷനോട് ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 165 — 11-3-2008 - ൽ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>**ശ്രീ. സി.എം. ദിനേശ് മണി**<br>**ശ്രീ. സാജു പോൾ**<br>**ശ്രീ. എം.എം. മോനായി**<br>**ശ്രീ. ബി. രാഘവൻ** | **ശ്രീ. വി.എസ്. അച്യുതാനന്ദൻ**<br>**മുഖ്യമന്ത്രി** |
| (എ) സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) ഇപ്പോഴുള്ള ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനുമുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശ കണക്കിലെടുത്ത് എല്ലാ വകുപ്പുകളിലും പൗരാവകാശ രേഖ രൂപീകരിക്കുന്നതിനും എൻക്വയറി കൗണ്ടർ തുടങ്ങുന്നതിനും ഗവൺമെന്റ് ഓഫീസുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പൊതുജനങ്ങൾ കൂടുതലായി സമീപിക്കുന്ന റവന്യൂ, സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ്, സിവിൽ സപ്ലൈസ്, മോട്ടോർ വെഹിക്കിൾസ് തുടങ്ങിയ ഗവൺമെന്റ് വകുപ്പുകളിലും കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലും ആദ്യമായി പൗരാവകാശ രേഖ രൂപീകരിക്കുന്നതിനായി തെരഞ്ഞെടുക്കുകയും അവിടെയെല്ലാം പൗരാവകാശ രേഖ |

തയ്യാറാക്കുകയും ചെയ്തു. പൊതു ജനങ്ങൾ കൂടുതലായി സമീപിക്കുന്ന റവന്യൂ, സിവിൽ സപ്ലൈസ്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മോട്ടോർ വെഹിക്കിൾസ്, പൊതുമരാമത്ത് തുടങ്ങിയ ഗവൺമെന്റ് വകുപ്പുകളിൽ നിലവിലിരിക്കുന്നതും ഉപയോഗത്തിലിരിക്കുന്നതുമായ മാന്വലുകൾ, റൂളുകൾ, ആക്റ്റുകൾ എന്നിവ പരിഷ്കരിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എൻക്വയറി കൗണ്ടർ തുറക്കുക വഴി പൊതുജനങ്ങളുടെ പരാതികളും അവരുടെ ആവശ്യങ്ങളും പരിഹൃതമാകുന്നതിനുള്ള വഴി തെളിഞ്ഞിട്ടുണ്ട്. താഴെത്തട്ടിൽ താലൂക്കുതലം വരെയുള്ള ഓഫീസുകളിൽ എൻക്വയറി കൗണ്ടർ തുറക്കുക വഴി ഓരോ വകുപ്പും നടത്തുന്ന പ്രവർത്തനങ്ങളുടെ വിവരവും ജനങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടേയും പരാതിയുടേയും അവസ്ഥയും പൊതുജനങ്ങൾക്ക് അറിയാൻ കഴിയുന്നുണ്ട്. അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പല മേഖലയിലും സമ്പൂർണ്ണ അധികാരം നൽകിയതും ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ്. കൂടാതെ ഭരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്നുറപ്പുവരുത്തുന്നതിനായി ഗവൺമെന്റ് ഓഫീസുകളിൽ ഇൻസ്പെക്ഷൻ നടത്തുന്നുമുണ്ട്. സെക്രട്ടേറിയറ്റിലെ ഭരണ നിർവ്വഹണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി സെക്രട്ടേറിയറ്റ് മാന്വലിൽ നിഷ്കർഷി

ച്ചിട്ടുള്ളതുപോലെ കൃത്യമായി എല്ലാ മാസവും സ്റ്റാഫ് മീറ്റിങ്ങുകൾ കൂടി ഓരോ വകുപ്പിന്റേയും പ്രവർത്തനവും പ്രധാനപ്പെട്ട വിഷയങ്ങളും അവലോകനം ചെയ്യണമെന്നും ഗവൺമെന്റ് സെക്രട്ടറിമാർക്ക് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ഭരണപരമായ കഴിവു വർദ്ധിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപനത്തിൽ പല വിഷയത്തിലും ട്രയിനിംഗ് നൽകുന്നുണ്ട്. സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പി ക്കുന്നതിനും അവയിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടു ത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി ഭരണ നവീകരണ പരിപാടിയുടെ (എം.ജി.പി.) ഭാഗമായി നടപ്പിലാക്കി വരുന്ന ഒരു ഉദ്യമമാണ് സെക്രട്ടേറിയറ്റിനും തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകൾക്കും സേവന പ്രദാന നയം. ഇതിന്റെ ഭാഗമായി ആരോഗ്യം, റവന്യൂ, രജിസ്ട്രേഷൻ, ഭക്ഷ്യ പൊതു വിതരണം, പൊതു വിദ്യാഭ്യാസം, ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ, വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, സാമൂഹ്യക്ഷേമം, എന്നീ വകുപ്പുകൾ തങ്ങളുടെ വകുപ്പുതല സേവന പ്രദാന തന്ത്രങ്ങൾക്ക് അന്തിമ രൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | എല്ലാ വകുപ്പുകൾക്കും പൗരാവകാശരേഖ കൊണ്ടു വരുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ആഡിറ്റ് സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 21-12-1999 ലെ സർക്കാർ ഉത്തരവ് (Ms)30/99/P&ARD പ്രകാരം എല്ലാ വകുപ്പുകളിലും പൗരാവകാശ രേഖ തയ്യാറാക്കി ഓഫീസുകളിൽ പ്രദർശിപ്പിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഐ.എം.ജിയെയാണ് ഇതിനുള്ള നോഡൽ ഏജൻസിയായി അംഗീകരിച്ചിട്ടുള്ളത്. പൗരാവകാശരേഖ ഓരോ വകുപ്പുകൾക്കും തയ്യാറാക്കുന്നതിന് ഐ.എം.ജി യിൽ നിന്ന് വിദഗ്ദോപദേശവും സഹായവും നൽകി വരുന്നു. 21-12-1999 ലെ സർക്കാർ ഉത്തരവ് (Ms)30/99/P&ARD പ്രകാരം സോഷ്യൽ ആഡിറ്റ് എന്ന ആശയവും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി പുതുതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ? | (സി) | പുതുതായി സർവ്വീസിൽ പ്രവേശിക്കപ്പെടുന്നവർക്കുവേണ്ടി 'ഇൻഡക്ഷൻ ട്രയിനിംഗ്' നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് ഇതിനായി ഒരു പ്രത്യേക പരിശീലന പദ്ധതി ഇപ്പോൾ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 166

11/03/2008 - ൽ മറുപടിക്ക്

## അരി വിതരണത്തിലെ തിരിമറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ്ജ് മേഴ്സിയർ<br>ശ്രീ. വി.ഡി. സതീശൻ :<br>പ്രൊഫ. കെ.വി. തോമസ് | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | റേഷൻ കടകൾ വഴി വിതരണം ചെയ്യേണ്ട അരി, റേഷൻകടകളിലെത്തുന്നതിനു മുമ്പായി സ്വകാര്യ ഗോഡൗണുകളിലേക്ക് മാറ്റപ്പെടുകയും അവിടെ നിന്ന് അത് റീപാക്കു ചെയ്ത് ഉയർന്ന വിലയ്ക്ക് പൊതുവിപണിയിലൂടെ വിൽക്കപ്പെടുകയും ചെയ്യുന്നുണ്ടോ ; | (എ) | കഴിഞ്ഞ കാലത്ത് ആരംഭിച്ച ഇത്തരം തിരിമറികൾ ഇപ്പോഴും തുടരുന്നതായി പരിശോധനയിൽ കണ്ടെത്തുകയും അവ തടയാൻ കർശനമായ ഒട്ടനവധി നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. റെയ്ഡുകളും, പോലീസ് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട് |
| ബി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം മേൽപ്രകാരം പ്രവർത്തിക്കുന്ന ഗോഡൗണുകളിൽ നിന്നും റേഷനരി പിടിച്ചെടുത്തിട്ടുണ്ടോ ; എങ്കിൽ എവിടെ നിന്നെല്ലാം ; | (ബി) | തിരുവനന്തപുരം ജില്ലയിലെ കിള്ളിപ്പാലം, ബീമാപള്ളി സ്കൂൾ പരിസരം, കരമനയിലെ കുഞ്ചാലുംമൂട്, പാറശ്ശാലയിലെ ഇഞ്ചിവിള, കാഞ്ഞിരംകുളം, പള്ളിപ്പുറം, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, വട്ടപ്പറമ്പ്, ചാമക്കട, പത്തനംതിട്ട ജില്ലയിലെ തിരുവല്ല, ആലപ്പുഴ ജില്ലയിലെ കായംകുളം, കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി, പാല, അതിരമ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, ആലുവ, കത്യക്കടവ്, കോഴിക്കോട് ജില്ലയിലെ വെള്ളിപ്പറമ്പ്, പലിയങ്ങാടി, താമരശ്ശേരി, കൊയിലാണ്ടി, കൊടുവള്ളി. |

| | | |
|---|---|---|
| | | ഫറോക്ക്, വയനാട് ജില്ലയിലെ കൽപ്പറ്റ, തൃശൂർ എന്നിവിടങ്ങളിൽ നിന്നും റേഷൻ സാധനങ്ങൾ എന്ന് സംശയിക്കുന്ന അരിയും ഗോതമ്പും പിടിച്ചെടുത്തിട്ടുണ്ട്. |
| സി) | ഇതിനു പിന്നിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ? | (സി) ചില സ്ഥലങ്ങളിൽ കുറ്റക്കാരെ പൂർണ്ണമായും കണ്ടെത്തിയിട്ടുണ്ട്. ഏതാനും സ്ഥലങ്ങളിൽ മുഴുവൻ കുറ്റക്കാരെയും കണ്ടെത്തുന്നതിനായി പോലീസ് കേസ് എടുത്ത് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -167 11.03.2008-ൽ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ് നടപടികൾ

**ചോദ്യം**

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
ശ്രീ. എം. പ്രകാശൻ മാസ്റ്റർ
ശ്രീ. കെ. ടി. ജലീൽ
ശ്രീ. കെ. വി. കുഞ്ഞിരാമൻ
ശ്രീ. എസ്. രാജേന്ദ്രൻ

(എ) ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സുതാര്യമാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി )

(എ) വളരെയധികം സുതാര്യമായ ഇ- ടെണ്ടർ സംവിധാനത്തിലൂടെയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നത്. ഉല്പാദന കേന്ദ്രങ്ങളിലെ കർഷകരും വിതരണക്കാരും സപ്ലൈകോയുടെ ഇ-ടെണ്ടറിൽ പങ്കെടുത്തുവരുന്നു.

ഇ- ടെണ്ടർ സംവിധാനത്തിലൂടെ കർഷകർക്കും വിതരണക്കാർക്കും അവരുടെ ഓഫീസിലിരുന്നുകൊണ്ടുതന്നെ ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്. ഓർഡർ ലഭിച്ചുകഴിഞ്ഞാൽ കേരളത്തിലെ 56 സപ്ലൈകോ ഡിപ്പോകളിലേയ്ക്കും സാധനങ്ങൾ കയറ്റി അയയ്ക്കാവുന്നതും ഡിപ്പോ മാനേജർ കിട്ടിയ സാധനങ്ങളുടെ വിശദ വിവരങ്ങൾ ഇന്റർനെറ്റ് മുഖേന ഹെഡ് ഓഫീസിനെ അറിയിക്കുകയും വിതരണം ചെയ്ത സാധനങ്ങളുടെ വില ഹെഡ് ഓഫീസിലെ കേന്ദ്രീകൃത സംവിധാനത്തിലൂടെ സപ്ലയർമാരുടെ അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ (ആർ. ജി. ടി. എസ്) ചെയ്യുകയോ ഡി.ഡി. ആയി അയയ്ക്കുകയോ ചെയ്തു വരുന്നു. യാതൊരുവിധ ഇടനിലക്കാരെയും അനുവദിക്കുന്നില്ല. ഇൻഡ്യയിൽ എവിടെയിരുന്നും ഇ-ടെണ്ടറിൽ കർഷകർക്കോ വിതരണക്കാർക്കോ പങ്കെടുക്കാവുന്നതാണ്.

..2

കോർപ്പറേഷനിൽ ശാസ്ത്രീയമായ സ്റ്റോക്ക് മാനേജ്മെന്റ് സംവിധാനം ഇൻഡന്റിംഗ് സംവിധാനം എക്കണോമിക് ഓർഡർ ക്വാണ്ടിറ്റി (ഇ. ഒ. ക്യൂ.) സംവിധാനം എന്നിവ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഓരോ ഡിപ്പോയിലേയ്ക്കും ആവശ്യമായ സാധനങ്ങളുടെ അളവ് യാന്ത്രികമായി രൂപപ്പെടുകയും കൂടുതൽ സ്റ്റോക്ക്, സ്റ്റോക്കില്ലായ്മ എന്നിവ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. ഇതു മൂലം വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങൾ വാങ്ങുന്ന അളവിനെ സ്വാധീനിക്കാതിരിക്കുകയും ചെയ്യുന്നു. ഓരോ സാധനവും ഓർഡർ കൊടുത്താൽ വിതരണത്തിനാവശ്യമായ ദിവസങ്ങളിലെ ഉപഭോഗം (ലീഡ് ടൈം) റീ ഓർഡർ (ആർ. ഒ. എൽ.) എന്നിവ കണക്കിലെടുത്താണ് എക്കണോമിക് ഓർഡർ ക്വാണ്ടിറ്റി നിശ്ചയിച്ചിരിക്കുന്നത്. ടെണ്ടർ ഉല്പാദന കേന്ദ്രത്തിലെ വില ദേശീയ ഉത്പന്നവിപണി (എൻ. സി. ഡി. ഇ. എക്സ്.) തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയുള്ള വാങ്ങൽവില ഒരു കമ്പ്യൂട്ടർ സോഫ്റ്റ് വെയറിൽ (ലിസ്റ്റ് കോസ്റ്റ്) രേഖപ്പെടുത്തുകയും ലഭ്യമായ ഏറ്റവും കുറഞ്ഞ വിലയിൽ വാങ്ങുന്നതിനായി കരാർ നല്കുകയും ചെയ്യുന്നു. ബിനാമി കരാറുകാരെ ഒഴിവാക്കുന്നതിനായി കരാറുകാരുടെ വിശദവിവരങ്ങൾ ശേഖരിക്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ടെണ്ടറുകളിൽ പങ്കെടുക്കുന്ന കരാറുകാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ നിർബന്ധമാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ സിഗ്നേച്ചറിന് അപേക്ഷിക്കുവാൻ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന് സാധനങ്ങൾ വാങ്ങുന്ന ഇടപാടുകളിൽ അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ട്.

(സി) ഇതു സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(സി) ഗവൺമെന്റ് ഉത്തരവ് പ്രകാരം ഇത് സംബന്ധിച്ച അന്വേഷണം സി. ബി. ഐ. യെ ഏൽപ്പിച്ചിരിക്കുകയാണ്.

(ഡി) സപ്ലൈകോയുടെ ന്യായവില മരുന്നുഷോപ്പുകളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സപ്ലൈകോയുടെ മാവേലി മെഡിക്കൽ സ്റ്റോറുകളിൽ ആവശ്യമായ മരുന്നുകൾ ഇപ്പോൾ ലഭ്യമാണ്. മരുന്നുകളുടെ ലഭ്യതയ്ക്കായി തിരുവനന്തപുരം, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നീ റീജിയണുകളിൽ സപ്ലൈകോ മൊത്തവിതരണ ഡിപ്പോകൾ പ്രവർത്തിച്ചുവരുന്നു. ഒരെണ്ണം പാലക്കാട്ടും ഉടനെ പ്രവർത്തനമാരംഭിക്കും.

(ഇ) ന്യായവില മരുന്നു ഷോപ്പുകളിലേയ്ക്ക് മരുന്നു വാങ്ങുന്നതുമായി ബന്ധപ്പെട്ട് നടന്ന അഴിമതികളെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

(ഇ) പ്രസ്തുത അഴിമതികളെക്കുറിച്ച് ഇപ്പോൾ സി. ബി. ഐ. അന്വേഷണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 168

11..03..2008 ൽ മറുപടിക്ക്

സ്വകാര്യ ടെലിവിഷൻ ചാനലുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.കെ.പുരുഷോത്തമൻ<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സ്വകാര്യ ടെലിവിഷൻ ചാനലുകളുടെ പ്രവർത്തനം നിരീക്ഷിക്കാൻ സംസ്ഥാന സർക്കാരിന് ഏതെങ്കിലും നിയമം അധികാരം നൽകുന്നുണ്ടോ: എങ്കിൽ അത് വ്യക്തമാക്കുമോ: | എ) ഉണ്ട്, 1995 ലെ കേബിൾ ടെലിവിഷൻ നെറ്റ് വർക്സ് (റഗുലേഷൻ) ആക്ടിലെ സെക്ഷൻ 2 (എ) അനുസരിച്ച് ടെലിവിഷൻ പരിപാടികളുടെ ഉള്ളടക്കവുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങൾക്കും മാർഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന കേബിൾ ടെലിവിഷൻ ഓപ്പറേറ്റർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തി സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആതറൈസ്ഡ് ഓഫീസർമാർക്ക് ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് അധികാരമുണ്ട്. |
| ബി) ഇതിനായി കേബിൾ ടി.വി.നെറ്റ് വർക്ക്സ് (റഗുലേഷൻ) ആക്ട് പ്രകാരം സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ: വിശദാംശം വെളിപ്പെടുത്തുമോ: | ബി) ഉണ്ട്: കേബിൾ ടി.വി.നെറ്റ് വർക്സ് (റഗുലേഷൻ) ആക്ട് 1995 ലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം 6-9-2005 ൽ പുറത്തിറക്കിയ ഉത്തരവ് പ്രകാരം കേബിൾ ടി.വി.പരിപാടികളുടെ സംപ്രേഷണത്തെ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൻമേൽ തുടർ നടപടികൾ കൈകൊള്ളുന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് ഉപദേശം |

| | | | |
|---|---|---|---|
| | | | നൽകുന്നതിനായി മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്ന് നിർദ്ദേശമുണ്ടായിരുന്നു. അതു പ്രകാരം സംസ്ഥാനത്ത് മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| സി) | സ്വകാര്യ ചാനലുകളിലെ പരിപാടികൾ സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് ഈ സമിതിക്ക് അധികാരം നൽകുമോ; | സി) | കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള കേബിൾ ടി.വി.മോണിറ്ററിംഗ് സമിതിക്ക് ആതറൈസ്ഡ് ഓഫീസർക്ക് ലഭിക്കുന്ന പരാതികൾ റിവ്യൂ ചെയ്യുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനെപ്പറ്റി ബന്ധപ്പെട്ടവർക്ക് ഉപദേശം നൽകുന്നതിനും അധികാരമുണ്ട്. മോണിറ്ററിംഗ് സമിതിയ്ക്ക് നേരിട്ടു ലഭിക്കുന്ന പരാതികളിലും തുടർ നടപടികൾ ശുപാർശ ചെയ്യുന്നതിന് അധികാരം നൽകിയിട്ടുണ്ട്. |
| ഡി) | സ്വകാര്യ ചാനലുകൾക്ക് ഒരു പൊതു പെരുമാറ്റ ചട്ടം രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | ഡി) | സ്വകാര്യ ടി.വി.ചാനലുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ 1995 ലെ കേബിൾ ടി.വി.നെറ്റ് വർക്സ് (റഗുലേഷൻ) കേന്ദ്ര ആക്ട് പ്രകാരമാണ് നടപടികളെടുക്കുന്നത്. പ്രസ്തുത നിയമ പ്രകാരം ടി.വി.ചാനൽ പരിപാടികളുടെ സംപ്രേഷണം സംബന്ധിച്ച നിലവിലുള്ള ചട്ടങ്ങളും നിർദ്ദേശങ്ങളും ഏറെ കുറെ സമഗ്രവും പര്യാപ്തവുമാണ്. കൂടുതൽ നിബന്ധനകൾ ഇതു സംബന്ധിച്ച് ആവശ്യമായി വരുന്ന പക്ഷം അക്കാര്യം പരിശോധിച്ച് യഥാസമയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

Jalaja B.B.
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 169 — 11.03.08ൽ മറുപടിക്ക്

കേരളത്തെ തുറമുഖ സംസ്ഥാനമാക്കാൻ നടപടി

ചോദ്യം

ശ്രീ.ബി.രാഘവൻ
ശ്രീ.സികെ.സദാശിവൻ
ശ്രീ.എ.എം.ആരിഫ്
ശ്രീ.സി.എച്ച്.കുഞ്ഞമ്പു
ശ്രീ.പി.വിശ്വൻ

മറുപടി

ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കേരളത്തെ ഒരു തുറമുഖ സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) | 700 കിലോമീറ്റർ ദൂരം വരുന്ന കേരളത്തിന്റെ കടലോരം തുറമുഖ വ്യവസായത്തിന് പര്യാപ്തമാകത്തക്ക രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനായി, സർക്കാർ, ഒരു തുറമുഖ നയം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേരളത്തെ ഒരു തുറമുഖ സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയുന്നവയാണ്: -<br><br>1. വിഴിഞ്ഞം തുറമുഖ വികസനം:-<br><br>വിഴിഞ്ഞത്തെ ഒരു അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെൻറ് ടെർമിനലായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്വകാര്യ പങ്കാളിയെ കണ്ടെത്താനുള്ള ദർഘാസുകളുടെ പരിശോധന നടന്നു വരുന്നു.<br><br>2. വിഴിഞ്ഞം കാർഗോ ബർത്ത് ;-<br>സുനാമി അടിയന്തിര സഹായ പദ്ധതിയിൽ പ്പെടുത്തി 104മീ X12 മീ പുതിയ കാർഗോ വാർഫിന്റെ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | **3. കൊല്ലം (തങ്കശ്ശേരി) തുറമുഖം:-**<br><br>കൊല്ലം തുറമുഖം ചരക്കുകപ്പലുകളെ സ്വീകരിക്കുവാനായി സജ്ജമായി. 19.10.07ൽ തുറമുഖം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. വിദേശത്തു നിന്നുള്ള കപ്പലുകളിൽ നിന്നുള്ള ഇറക്കുമതിയ്ക്കായി കേന്ദ്ര സർക്കാർ കൊല്ലം തുറമുഖത്തെ ഒരു കസ്റ്റംസ് തുറമുഖമായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. നിലവിലുള്ള വാർഫിനെ ദീർഘിപ്പിക്കുവാനും മറ്റ് അനുബന്ധ വികസന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുമുള്ള നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തുറമുഖത്തെ വാണിജ്യതലത്തിൽ സർക്കാർ - സ്വകാര്യ പങ്കാളിത്തത്തോടെ (PPP) വികസിപ്പിക്കുന്നതിനായി വിശദമായ പദ്ധതിരേഖ തയ്യാറാക്കാൻ കൺസൾട്ടൻറിനെ നിയമിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസ് സർക്കാർ അംഗീകരിച്ചു. കേന്ദ്ര സർക്കാരിന്റെ ASIDE സ്കീമിൽ നിന്നും 1280 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങളും സുനാമി പുനരധിവാസ പദ്ധതിയിൽ 560 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾക്കും സർക്കാർ ഭരണാനുമതി നൽകി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.<br><br>**4. ആലപ്പുഴ തുറമുഖം:-**<br><br>ആലപ്പുഴ തുറമുഖത്തെ സർക്കാർ - സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഒരു മറീനയും ഒപ്പം തന്നെ ചരക്കു തുറമുഖവുമായി വികസിപ്പിക്കുന്നതിന് വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടൻറിനെ നിയമിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു. അന്താരാഷ്ട്ര തലത്തിൽ ക്ഷണിച്ച ദർഘാസിന് 4 കമ്പനികൾ ദർഘാസ് നൽകി. അവയുടെ പരിശോധന അന്തിമഘട്ടത്തിലാണ്. |

5. പൊന്നാനി തുറമുഖം:-
പൊന്നാനി തുറമുഖം വിവിധോദ്ദേശ്യ രീതിയിൽ വികസിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

6. ബേപ്പൂർ തുറമുഖം:-
ബേപ്പൂർ തുറമുഖത്തെ എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുവാൻ സജ്ജമാക്കുന്ന രീതിയിൽ സർക്കാർ -സ്വകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കുന്നതിനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ നിയമിക്കാൻ ആഗോള തലത്തിൽ ദർഘാസ് ക്ഷണിച്ചു. 5 കമ്പനികൾ നൽകിയ ദർഘാസ് സർക്കാർ പരിശോധിച്ചുവരികയാണ്. സുനാമി പുനരധിവാസ പദ്ധതിയിൽ 855 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങൾക്കും സർക്കാർ ഭരണാനുമതി നൽകി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

7. അഴീക്കൽ തുറമുഖം:-
അഴീക്കൽ തുറമുഖത്തെ സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കുന്നതിനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ നിയമിക്കാൻ ആഗോള തലത്തിൽ ദർഘാസ് ക്ഷണിച്ചു. 5 കമ്പനികൾ നൽകിയ ദർഘാസ് സർക്കാർ പരിശോധിച്ചുവരികയാണ്. സുനാമി പുനരധിവാസ പദ്ധതിയിൽ 1100 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകി പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

8. കോട്ടയം:- കോട്ടയത്തെ ഉൾനാടൻ ജലഗതാഗതം മുൻനിർത്തി ഒരു ചെറുകിട തുറമുഖമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

9. ഇന്റർ നാഷണൽ സൈസ് ഷിപ് യാർഡ്:- വിഴിഞ്ഞത്തിന് തെക്ക് പൂവാറിൽ ഒരു ഇന്റർനാഷണൽ സൈസ് ഷിപ് യാർഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 10. <u>മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്</u>:- വർദ്ധിച്ചു വരുന്ന കപ്പൽ ഗതാഗത മേഖലയിലെ തൊഴിൽ സാദ്ധ്യത കണക്കിലെടുത്ത് സാമുദ്രിക മേഖലയിലെ വിവിധ ജോലികൾക്കായുള്ള കോഴ്സുകൾ നടത്തുന്നതിനായി മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചു. ഇതിലാദ്യത്തേത് കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമ പഞ്ചായത്തിലാണ് സ്ഥാപിക്കുക. ഒരു ഇൻസ്റ്റിറ്റ്യൂട്ട് തെക്കൻ കേരളത്തിൽ സ്ഥാപിക്കുന്ന വിഷയം സർക്കാരിൻെറ പരിഗണനയിലാണ്.<br>11:- <u>കേരള മാരിടൈംഡവലപ്പ്മെന്റ് ബോർഡ്</u>:- മാരിടൈം സെക്ടറിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളും വികസനവും ഏകീകരിക്കുന്നതിനായി സർക്കാർ കേരളാ മാരിടൈം ഡവലപ്പ്മെന്റ് ബോർഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| ബി | തങ്കശ്ശേരി തുറമുഖത്തിൻെറ വികസനത്തിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | ബി | കൊല്ലം തുറമുഖം ചരക്കുകപ്പലുകളെ സ്വീകരിക്കുവാനായി സജ്ജമായി. 19.10.07ൽ തുറമുഖം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. വിദേശത്തു നിന്നുള്ള കപ്പലുകളിൽ നിന്നുള്ള ഇറക്കുമതിയ്ക്കായി കേന്ദ്ര സർക്കാർ കൊല്ലം തുറമുഖത്തെ ഒരു കസ്റ്റംസ് തുറമുഖമായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. കൊല്ലം പോർട്ട് ഓഫീസറെ കസ്റ്റംസ് നിയമപ്രകാരം Custodian of Goods ആയി നിയമിക്കുകയും കേന്ദ്രസർക്കാരിന്റെ ധനമന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരമുള്ള Undertaking execute ചെയ്യാൻ ചുമതലപ്പെടുത്തുകയും ചെയ്തു. നിലവിലുള്ള വാർഫിനെ ദീർഘിപ്പിക്കുവാനും മറ്റ് അനുബന്ധ വികസന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുമുള്ള നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. തുറമുഖത്തെ വാണിജ്യതലത്തിൽ സർക്കാർ - സ്വകാര്യ പങ്കാളിത്തത്തോടെ (PPP) വികസിപ്പിക്കുന്നതിനായി വിശദമായ പദ്ധതിരേഖ തയ്യാറാക്കാൻ |

| | | | |
|---|---|---|---|
| | | | കൺസൽട്ടൻറിനെ നിയമിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസ് സർക്കാർ അംഗീകരിച്ചു. കേന്ദ്ര സരക്കാരിന്റെ ASIDE സ്കീമിൽ നിന്നും 1280 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾക്കും സുനാമി പുനരധിവാസ പദ്ധതിയിൽ 560 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങൾക്കും സർക്കാർ ഭരണാനുമതി നൽകി. പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. |
| സി | അഴീക്കൽ തുറമുഖത്തിൻെറ വികസനത്തിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; | സി | അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിനായി ICICI - Kinfra ഒരു പദ്ധതിരേഖ തയ്യാറാക്കിയിരുന്നു. എന്നാൽ സർക്കാർ - സ്വകാര്യ പങ്കാളിത്തത്തോടുകൂടി, ഭാവി വികസനം കൂടി കണക്കിലെടുത്ത്, മേൽ പദ്ധതിരേഖയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനായി ഒരു കൺസൽട്ടൻറിനെ നിയമിക്കുന്നതിനായി സർക്കാർ ആഗോളതലത്തിൽ ദർഘാസ് ക്ഷണിച്ചു. അവ പരിശോധിച്ചുവരുന്നു. കൺസൽട്ടൻറിനെ തെരഞ്ഞെടുത്തതിനു ശേഷം മാത്രമേ വിശദമായ പദ്ധതിരേഖ തയ്യാറാക്കൂ. |
| ഡി | അഴീക്കലിൽ ഷിപ്പ് റിപ്പയർ യാർഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ഡി | സർക്കാർ നിയോഗിക്കുന്ന കൺസൽട്ടൻറ് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിൻെറ അടിസ്ഥാനത്തിൽ മാത്രമേ ഷിപ് റിപ്പയർ യാർഡ് സ്ഥാപിക്കുന്ന വിഷയം തീരുമാനിക്കാനാവൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.170.

11-3-2008-ൽ മറുപടിക്ക്

പശ്ചിമതീര കനാലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എൻ.വാസവൻ.<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ.<br>ശ്രീ.കെ.കുഞ്ഞിരാമൻ. | ശ്രീ.വി.എസ്.അച്യുതാനന്ദൻ,<br>മുഖ്യമന്ത്രി. |
| എ. കോവളം മുതൽ ഹോസ്ദുർഗ് വരെയുള്ള പശ്ചിമതീര കനാലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ. കോവളം മുതൽ കൊല്ലം വരെയുള്ള പശ്ചിമ തീര കനാലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കൊല്ലം ഉൾനാടൻ ജലഗതാഗത ഡിവിഷന്റെ പരിധിയിൽ നടന്നു കൊണ്ടിരിക്കുന്നു. 74.18 കി.മീ. ദൈർഘ്യമുള്ള ഈ ജലപാതയുടെ നിർമ്മാണത്തിനായി താഴെപ്പറയുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്:-<br>കോവളം മുതൽ വേളിവരെയുള്ള 16.05 കി.മീ. ദൂരം കേന്ദ്രാവിഷ്കൃത ധനസഹായത്തോടുകൂടി (90-10 പദ്ധതി) 1.75 മീ. ആഴത്തിൽ അത്യാവശ്യം വേണ്ടുന്ന ഭാഗങ്ങളിൽ സംരക്ഷണ ഭിത്തികെട്ടി നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വേളി മുതൽ അഷ്ടമുടി കായൽ വരെയുള്ള കനാലിന്റെ ആഴം കൂട്ടി ഇരുകരകളിലും സംരക്ഷണ ഭിത്തി കെട്ടി നവീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി നടന്നു കൊണ്ടിരിക്കുന്നു.<br>കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത 3 ആയി പ്രഖ്യാപിച്ചിട്ടുള്ള 168 കി.മീ. ഭാഗത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ |

ഉൾനാടൻ ജലപാത വികസന അതോറിറ്റിയുടെ (ഗവൺമെന്റ് ഓഫ് ഇന്ത്യ) മേൽ നോട്ടത്തിൽ പുരോഗമിച്ചു വരുന്നു.

തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ പൊന്നാനി വരെയുള്ള പൊന്നാനി-കൊച്ചി കനാലിന്റെ തൃശ്ശൂർ ജില്ലയിൽപ്പെടുന്ന (കോട്ടപ്പുറം മുതൽ പുവത്തും കടവ് വരെയുള്ള) 9 കി.മീ. നിളത്തിൽ കനാലിന്റെ പുന:രുദ്ധാരണ പണികൾ 12-ാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക സഹായത്തോടു കൂടി ഒന്നാം വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തി വരികയാണ്.

പൊന്നാനി കൊച്ചി കനാലിന്റെ മലപ്പുറം ജില്ലയിൽ പ്പെടുന്ന ആണ്ടതോട്-പൊന്നാനി ഭാഗത്തെ 11.5 കി.മീ. ഭാഗത്തെ പണികൾ 12-ാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക സഹായത്തോടു കൂടി ഒന്നാം വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തി വരികയാണ്.

12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ വളപട്ടണം മുതൽ നീലേശ്വരം കോട്ടപ്പുറം വരെ പശ്ചിമ തീര കനാലിന്റെ സംരക്ഷണ പ്രവൃത്തിയും ഡ്രഡ്ജിംഗും പുരോഗമിച്ചു വരുന്നു.

| | |
|---|---|
| ബി. പദ്ധതിയുടെ ഭാഗമായി കൊല്ലം-കോട്ടപ്പുറം ഭാഗത്തെ കനാലിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | ബി. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത മൂന്നായി പ്രഖ്യാപിച്ചിട്ടുള്ള 168 കി.മീറ്റർ ഭാഗത്തിന്റെ വികസന പ്രവർത്തനങ്ങൾ ദേശീയ ഉൾനാടൻ ജലപാത വികസന അതോറിറ്റിയുടെ (IWAI) മേൽ നോട്ടത്തിലാണ്. ഇതിന്റെ വികസന പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ഈ ഭാഗം ഇപ്പോൾ തന്നെ ഗതാഗതയോഗ്യമാണ്. ഇതുമായി ബന്ധപ്പെട്ട മുഴുവൻ ജോലികളും പൂർത്തിയാക്കുവാൻ സംസ്ഥാന സർക്കാർ IWAI-ൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. |

സി. കൊല്ലം-കോവളം ഭാഗത്തെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ;

സി. കോവളം മുതൽ വേളിവരെയുള്ള 16.05 കി.മീ. ദൂരം 5 റീച്ചുകളിലായി തിരിച്ചാണ് പണി ചെയ്യുന്നത്. പ്രാദേശികമായ പല പ്രശ്നങ്ങൾ മൂലം പണി വളരെ സാവധാനത്തിലാണ് നടക്കുന്നത്. വേളി മുതൽ അഞ്ചുതെങ്ങ് വരെയുള്ള ഭാഗത്ത് പണി പല റീച്ചുകളിലായി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അഞ്ചുതെങ്ങ് മുതൽ ഇരവിപുരം കായൽ വരെയുള്ള ഭാഗത്തെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെയുള്ള ഭാഗത്തെ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

ഡി. പശ്ചിമതീര കനാലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള എല്ലാ പദ്ധതികൾക്കും കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഡി. 1-4-2007 മുതൽ ഉൾനാടൻ ജലഗതാഗതത്തിനു വേണ്ടിയുള്ള പ്രസ്തുത കേന്ദ്ര സഹായ പദ്ധതി നിർത്തലാക്കിയതായി അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തെ ജലപാത വികസനത്തെ സാരമായി ബാധിക്കുമെന്നതിനാൽ ഈ പദ്ധതി 11-ാം പഞ്ചവത്സര പദ്ധതിയിലൂടെ തുടരണമെന്ന് കേന്ദ്ര സർക്കാരിനോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം ഉന്നയിച്ച് മുഖ്യമന്ത്രി തലത്തിൽ പ്രധാന മന്ത്രിയ്ക്ക് 17-11-2007-ൽ കത്ത് അയച്ചിരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -171 11.03.2008ൽ മറുപടിയ്ക്ക്

## മൊബൈൽ മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. എം. ജെ. ജേക്കബ്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) മൊബൈൽ മാവേലി സ്റ്റോറുകൾ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) മലയോര പ്രദേശങ്ങളിലും ആദിവാസി മേഖലകളിലും നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 8 മൊബൈൽ മാവേലികൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ തീരദേശത്തുള്ളവർക്ക് കുറഞ്ഞ വിലയ്ക്ക് അരി ലഭ്യമാക്കുന്നതിനുവേണ്ടി കരുനാഗപ്പള്ളിയിൽ മൊബൈൽ അരിക്കടയും പ്രവർത്തിച്ചുവരുന്നു. |
| (ബി) നിത്യോപയോഗ സാധനങ്ങൾ ആവശ്യാനുസരണം മൊബൈൽ മാവേലി സ്റ്റോറുകളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി)സ്വീകരിക്കുന്നുണ്ട്. മാവേലി സ്റ്റോറിൽ ലഭ്യമാകുന്ന എല്ലാ സാധനങ്ങളും മാവേലി സ്റ്റോറിലെ അതേ വിലയ്ക്ക് തന്നെ മൊബൈൽ മാവേലിയിലും ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. |

...2

| | |
|---|---|
| (സി) ഇപ്പോൾ എത്ര മൊബൈൽ മാവേലി സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത് ; | (സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ 8 മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒരു മൊബൈൽ അരിക്കടയും പ്രവർത്തിച്ചുവരുന്നു. |
| (ഡി) ഇവ ഓരോ പ്രദേശത്തും കൃത്യമായി എത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ; | (ഡി) കൃത്യമായി എത്തുന്നതിനുവേണ്ടി പ്രത്യേകം റൂട്ട് ചാർട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (ഇ) പുതുതായി എത്ര മൊബൈൽ മാവേലിസ്റ്റോറുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ? | (ഇ) വാഹനങ്ങളുടെ ദൗർലഭ്യവും ജീവനക്കാരുടെ അപര്യാപ്തതയും പരിഹരിക്കുന്ന മുറയ്ക്ക് പുതിയ മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 172

11-03-2008 -ലെ
മറുപടിയ്ക്ക്

## ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ഡി.സതീശൻ | | ശ്രീ. സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഉപഭോക്താക്കളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;<br><br>(ബി) വിവിധ മേഖലകളിൽ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) യും (ബി) യും | ഉപഭോക്താക്കളുടെ പരാതികൾക്ക് നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെ പരിഹാരം കാണുന്നതിനായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും തലസ്ഥാനത്ത് ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും പ്രവർത്തിച്ചുവരുന്നു. ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി 14 ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലുകൾ പ്രവർത്തിച്ചുവരുന്നു. ലഘുലേഖകൾ അച്ചടിച്ച് വിതരണം നടത്തുക, ഉപഭോക്തൃ ദിനങ്ങൾ ആചരിക്കുക, പൊതുയോഗങ്ങൾ, സെമിനാറുകൾ, ചർച്ചാ ക്ളാസ്സുകൾ എന്നീ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. അളവുതൂക്ക വകുപ്പിന്റെ നേതൃത്വത്തിൽ അളവുതൂക്ക നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി കൃത്യമായ പരിശോധനകൾ നടത്തി കുറ്റക്കാരായവർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുകമ്പോളങ്ങളിലും പൊതു വിതരണ കേന്ദ്രങ്ങളിലും നിരവധി റെയ്ഡുകൾ നടത്തിവരുന്നു. പ്രൈസ് മോണിറ്ററിംഗ് സെല്ലുകളും ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ മാതൃകാപരമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃ സമിതി കൾക്ക് പ്രോത്സാഹന സമ്മാനങ്ങളും |

നല്കിവരുന്നു. സ്കൂളുകളിൽ ഉപഭോക്തൃ സംരക്ഷണ ക്ളബുകൾ രൂപീകരിച്ച് ബോധവൽക്കരണത്തിനുള്ള പദ്ധതിയും പരിഗണനയിലാണ്.

(സി) ഉപഭോക്താക്കളുടെ താത്പര്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) സംസ്ഥാനത്തെ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലേയും കമ്മീഷനിലേയും ഒഴിവുകൾ നികത്തി അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. കേസുകൾ തീർപ്പാക്കുന്നതിലെ വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന കമ്മീഷനേയും ജില്ലാ ഫോറങ്ങളേയും കമ്പ്യൂട്ടർ നെറ്റുവർക്ക് മുഖാന്തിരം ബന്ധിപ്പിച്ചിട്ടുണ്ട്. സ്വന്തമായികെട്ടിടമില്ലാത്ത ജില്ലാ ഫോറങ്ങൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

(ഡി) ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ അംഗങ്ങളേയും അദ്ധ്യക്ഷൻമാരേയും നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) 1986 -ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ സെക്ഷൻ (10) ന്റെ സബ് സെക്ഷൻ (1) -ലെ (a), (b) എന്നീ വകുപ്പുകൾ പ്രകാരമാണ് ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ അംഗങ്ങളേയും അദ്ധ്യക്ഷൻമാരേയും നിയമിക്കുന്നത്. ഇതനുസരിച്ച് ജില്ലാ ജഡ്ജിയോ ജില്ലാ ജഡ്ജിയായിരുന്ന വ്യക്തിയോ ജില്ലാ ജഡ്ജിയാകാൻ യോഗ്യതയുള്ള വ്യക്തിയെയോ ആണ് അദ്ധ്യക്ഷനായി നിയമിക്കേണ്ടത്. കൂടാതെ 35 വയസ്സിൽ കുറയാത്ത പ്രായമുള്ളവരും അംഗീകൃത സർവ്വകലാശാലാ ബിരുദവും പൊതു പ്രവർത്തനം, സാമ്പത്തികശാസ്ത്രം, നിയമം, അക്കൗണ്ടൻസി, പൊതുഭരണം, വാണിജ്യം, വ്യവസായം എന്നിവയിൽ ഏതെങ്കിലും രംഗങ്ങളിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ 10 വർഷത്തെയെങ്കിലും അറിവും പരിചയവും കഴിവും സത്യസന്ധതയുമുള്ള 2 പേരെ വീതം ഒരു ജില്ലാ ഫോറത്തിലെ അംഗങ്ങളായി നിയമിക്കാവുന്നതാണ്. അംഗങ്ങളിൽ ഒരാൾ വനിതയായിരിക്കണം.

| | | | |
|---|---|---|---|
| (ഇ) | ഈയിടെ സർക്കാർ പുന:സംഘടിപ്പിച്ച പ്രസ്തുത ഫോറങ്ങളിലെ നിയമനം ചട്ടങ്ങ ൾക്കും മാനദണ്ഡങ്ങൾക്കും യോഗ്യതകൾക്കും അനുസൃത മായിട്ടാണോ എന്ന് വെളിപ്പെടുത്തുമോ; | (ഇ) | അതെ. |
| (എഫ്) | ഇത് സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എഫ്) | വസ്തുതാപരമായ ഒരു പരാതിയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) | ഉപഭോക്താക്കളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സർക്കാർ ഇതര സന്നദ്ധ സംഘടനകളുടെ സേവനം ഏകോപിപ്പിച്ച് ഉപഭോക്തൃ താത്പര്യങ്ങൾ കൂടുതലായി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ജി) | ഉപഭോക്താക്കളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധ ഉപഭോക്തൃ സംഘടനകളുടെ പ്രവർത്തനം ഏകോപി പ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിലേയ്ക്കായി സർക്കാരിതര സന്നദ്ധ ഉപഭോക്തൃ സംഘടനകളുടെ ഡയറക്ടറി നിർമ്മിക്കു ന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഉപഭോക്താക്കൾക്കിടയിൽ അവരുടെ അവകാശങ്ങളെക്കുറിച്ച് അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ഉപഭോക്തൃ സംഘടനക ളുടെ രൂപീകരണത്തിനും അവയുടെ പ്രവർത്തനത്തിന് സാമ്പത്തിക സഹായമുൾപ്പെടെയുള്ള എല്ലാവിധ പ്രോൽസാഹനവും നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാംസമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *173</u> — <u>11-03-2008 ൽ മറുപടിയ്ക്ക്</u>

## കേരളത്തിന്റെ റെയിൽവേ വികസനം

| ചോദ്യം:<br>ശ്രീ.എം.ചന്ദ്രൻ :<br>ശ്രീ.കെ.കെ.ദിവാകരൻ :<br>ശ്രീ.സാജുപോൾ :<br>ശ്രീ.എം.കെ.പുരുഷോത്തമൻ :<br>ശ്രീ.പി.ടി.എ.റഹീം : | ഉത്തരം<br>ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
|---|---|
| (എ). കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഉന്നയിച്ച ആവശ്യങ്ങൾക്ക് ഈ വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ വേണ്ടത്ര പരിഗണന ലഭിച്ചിട്ടുണ്ടോ ; | (എ). കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട പരിഗണന ലഭിച്ചിട്ടുണ്ട്. |
| (ബി). എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;<br><br>(സി). മൊത്തം എത്ര കോടി രൂപയുടെ പുതിയ പദ്ധതികളാണ് കേരളത്തിന് പ്രഖ്യാപിച്ചിട്ടുള്ളത് ; | (ബി). യും (സി).യും.<br>വിശദവിവരം റെയിൽവേ ബോർഡിൽ നിന്ന് മാത്രമേ ലഭിക്കുകയുള്ളു എങ്കിലും 2008-2009 റെയിൽ ബഡ്ജറ്റിൽ കേരളത്തിന് പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.<br>01. പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി<br>02. ചേർത്തലയിലെ വാഗൺ അനുബന്ധ നിർമ്മാണ യൂണിറ്റ്.<br>03. നാല് പുതിയ ട്രെയിനുകൾ (1). കൊച്ചുവേളി - ബാംഗ്ലൂർ ഗരീബ്രഥ് (ആഴ്ചയിൽ രണ്ട് ദിവസം), (2). കൊച്ചുവേളി-ഡറാഡൂൺ (പ്രതിവാരം), (3). കൊച്ചുവേളി-അമൃത്സർ (പ്രതിവാരം), (4) ഷൊർണ്ണൂർ-നിലമ്പൂർ (പാസഞ്ചർ).<br>04. ബാംഗ്ലൂർ-കോയമ്പത്തൂർ എക്സ്പ്രസ്സ് എറണാകുളം വരെ നീട്ടി.<br>05. നിസാമുദ്ദീൻ, തിരുവനന്തപുരം രാജധാനി എക്സ്പ്രസ്സ് ആഴ്ചയിൽ 3 ദിവസമാക്കി. |

06. അങ്ങാടിപ്പുറം-കോഴിക്കോട്, കാഞ്ഞങ്ങാട്-പാണത്തൂർ ലൈനുകൾക്കായി സർവ്വേ.
07. മംഗലാപുരം-ഷൊർണ്ണൂർ ലൈൻ വൈദ്യുതീകരണത്തിന് സർവ്വേ.
08. 44 മേല്പാലങ്ങൾക്ക് ബഡ്ജറ്റ് വിഹിതം.
09. കൊച്ചുവേളി രണ്ടാം ടെർമിനലിന് ബഡ്ജറ്റ് വിഹിതം.
10. കൊല്ലം-ചെങ്കോട്ട -വിരുദുനഗർ ഗേജ് മാറ്റത്തിന് ബഡ്ജറ്റ് വിഹിതം.
11. കൊല്ലത്ത് എം.ഇ.എം.യു സ്റ്റേബ്ളിംഗ് യൂണിറ്റിന് ബഡ്ജറ്റ് വിഹിതം.
12. അങ്കമാലി-അഴുത-ശബരി പാത, താനൂർ-ഗുരുവായൂർ പാത എന്നിവയുടെ നിർമ്മാണത്തിന് ബഡ്ജറ്റ് വിഹിതം.
13. പാത ഇരട്ടിപ്പിക്കലിന് 120 കോടിയോളം രൂപ ബഡ്ജറ്റ് വിഹിതം.
14. റെയിൽവേ ജീവനക്കാർക്കായി തൃശ്ശൂരിൽ കമ്മ്യൂണിറ്റിഹാൾ.

| | |
|---|---|
| (ഡി). കഴിഞ്ഞ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും ഇതിനകം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഡി). വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :174 | 11.03.2008 ൽ മറുപടിക്ക്

" ക്ഷീര കർഷക ക്ഷേമനിധി "

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കൃഷ്ണ പ്രസാദ് : എം.എൽ.എ.<br>ശ്രീ. പി. ജയരാജൻ ,,<br>ശ്രീ. സി.കെ.പി.പത്മനാഭൻ ,,<br>ശ്രീ. ജോർജ്.എം.തോമസ് ,,<br>ശ്രീ. മുരളി പെരുനെല്ലി ,, | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗ സംരക്ഷണവും വകുപ്പ് മന്ത്രി). |
| (എ) ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ, കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും, അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്ന കേരള ക്ഷീര കർഷക ക്ഷേമനിധി നിയമം 2007, 13-4-2007-ൽ നിലവിൽ വന്നു. ക്ഷീരകർഷക ക്ഷേമനിധി നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമായി നാളിതുവരെ 1,45,781 ക്ഷീര കർഷകർ, ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. പ്രാബല്യത്തിലുള്ള ക്ഷേമനിധി നിയമത്തിലെ വ്യവസ്ഥകൾക്കും സർക്കാർ അംഗീകാരത്തിനും വിധേയമായി അർഹതപ്പെട്ട ക്ഷീരകർ |

ഷകർക്ക് പ്രതിമാസം 250 രൂപ നിരക്കിൽ പെൻഷൻ, മരണപ്പെട്ട ക്ഷീരകർഷകരുടെ നോമിനിക്ക് പ്രതിമാസം 125 രൂപാ നിരക്കിൽ കുടുംബ പെൻഷൻ, 5000 രൂപാ വരെയുള്ള ധനസഹായം എന്നിവ നൽകി വരുന്നു. ക്ഷേമനിധിയുടെ പെൻഷൻ ഇതര പദ്ധതിയായ " ക്ഷീരദീപം " പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ പെൺമക്കൾക്ക് വിവാഹധനസഹായമായി 1000 രൂപ; ക്ഷേമനിധി അംഗം മരണപ്പെട്ടാൽ നോമിനിയ്ക്ക് അടിയന്തര ധനസഹായമായി 1000 രൂപ ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ജില്ലാ ക്ഷീരോത്സവത്തിൽ ജില്ലയിലെ ഏറ്റവും മികച്ച ക്ഷീരകർഷകനായി തെരഞ്ഞെടുക്കപ്പെടുന്ന ക്ഷേമനിധി അംഗത്തിന് 2000 രൂപയുടെ കാഷ് അവാർഡും പ്രശസ്തി പത്രവും എന്നിവയാണ് ക്ഷേമനിധിയിൽ നിന്നും നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ. ഇപ്രകാരം മൊത്തം 23707 ക്ഷീരകർഷകർക്ക് വിവിധയിനങ്ങളിലായി 10,78,19,750/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ക്ഷേമനിധി നിയമത്തിലെ വകുപ്പ് 7ന് വിധേയമായി ക്ഷീര കർഷകൻ, ക്ഷീരസഹകരണ സംഘങ്ങൾ,മേഖലായൂണിയനുകൾ/ മിൽമ എന്നിവർ മുഖേന സ്വരൂപിക്കുന്ന അംശാദായവും അംഗങ്ങളിൽ നിന്നുള്ള രജിസ്ട്രേഷൻ ഫീസും ആണ് ക്ഷേമനിധിയുടെ മുഖ്യ വരുമാന സ്രോതസ്സ്. ഈ ഇനത്തിൽ, ക്ഷീര കർഷകർ/ക്ഷീരസംഘങ്ങൾ എന്നിവയിൽ നിന്നുള്ള അംശാദായമായി 15,37,66;354/- രൂപയും, മേഖലാ

യൂണിയൻ/മിൽമയിൽ നിന്നും അംശാദായമായി 2,11,17,512/- രൂപയും രജിസ്ട്രേഷൻ ഫീസിനത്തിൽ 1,45,78,100/- രൂപയുമായി മൊത്തം 18,94,61,966/- രൂപ കേരള ക്ഷീര കർഷക ക്ഷേമനിധിയിലേക്ക് നാളിതുവരെ വരവിനത്തിൽ ലഭിച്ചിട്ടുണ്ട്. ക്ഷേമനിധിയിലേക്കുള്ള ധനശേഖരണവും ആനുകൂല്യങ്ങളുടെ വിതരണവും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മുഖേന കോർ ബാങ്കിംഗ് സംവിധാനം ഉപയോഗിച്ച് നടത്തിവരുന്നു. ഇവയ്ക്ക് പുറമെ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ക്ഷേമനിധിയിലെ മുഴുവൻ അംഗങ്ങളേയും ഉൾപ്പെടുത്തി സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സമഗ്ര ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള പദ്ധതി, ക്ഷേമനിധി അംഗങ്ങളുടെ കുട്ടികൾക്ക് എസ്. എസ്. എൽ. സി. തലം മുതൽ പ്രൊഫഷണൽ തലം വരെയുള്ള വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി എന്നിവ നടപ്പാക്കുന്നതിന് ക്ഷേമനിധി ബോർഡ് ഉദ്ദേശിക്കുന്നു.

(ബി) മുഴുവൻ ക്ഷീരകർഷകരേയും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; ഇപ്പോൾ ക്ഷേമനിധിയിൽ എത്ര കർഷകരാണ് അംഗങ്ങളായിട്ടുള്ളത്;

(ബി) കേരളത്തിലെ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് (അംഗവും/അംഗമല്ലാത്തവർക്ക്) കേരള ക്ഷീരകർഷക ക്ഷേമനിധി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ക്ഷേമനിധിയിൽ അംഗങ്ങളാകാവുന്നതാണ്. നിലവിൽ 145781 ക്ഷീരകർഷകർക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകിട്ടുണ്ട്.

| | |
|---|---|
| (സി) ക്ഷേമനിധിയുടെ പോരായ്മകൾ പരിഹരിച്ച് എല്ലാ ക്ഷീരകർഷകരേയും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടു വരാൻ നടപടി സ്വീകരിക്കുമോ; | (സി) നിലവിലുള്ള കേരള ക്ഷീരകർഷക ക്ഷേമനിധി നിയമപ്രകാരം സംസ്ഥാനത്തെ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകരെ മാത്രമെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളൂ; എന്നാൽ എല്ലാ ക്ഷീര കർഷകരേയും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ട് വരുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) ക്ഷീരകർഷകർക്ക് സഹകരണ സംഘം വഴി സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതുന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്? | (ഡി) ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 2008-09 ലെ ബഡ്ജറ്റിൽ ഇതിനാവശ്യമായ തുക വകയിരുത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 175 — 11.3.2008-ലെ മറുപടിക്ക്.

<u>സർക്കാർ സർവ്വീസിലെ നിയമന രീതി</u>

**ചോദ്യം**
ശ്രീ.കെ.സി.വേണുഗോപാൽ
ശ്രീ.കെ.ബാബു

(എ) സർക്കാർ സർവ്വീസിലെ നിലവിലുള്ള നിയമന രീതി സംവരണ സമുദായങ്ങൾക്ക് നിയമനത്തിൽ നഷ്ടമുണ്ടാക്കുന്നതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുവാൻ നിയമന രീതിയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എപ്രകാരമെന്ന് വിശദീകരിക്കുമോ?

**ഉത്തരം**
ശ്രീ.വി.എസ്.അച്യുതാനന്ദൻ
മുഖ്യമന്ത്രി

(എ)& (ബി)
സർക്കാർ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളിലെ പ്രാതിനിധ്യം സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റിസ് കെ.കെ.നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക ജനവിഭാഗങ്ങളുടെ അവസരങ്ങൾ കൂടുതൽ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ 2.2.06-ൽ G.O.(P) 8/2006/പജപവവിവ എന്ന ഉത്തരവും 8.3.2006-ൽ G.O.(P) 7/06/P&ARD എന്ന ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. 1.2.06 വരെ നിയമനങ്ങളിൽ നിലനിന്നിരുന്ന "Passing Over" സമ്പ്രദായം വഴി നിയമനം ലഭിച്ചിരുന്ന ഉദ്യോഗാർത്ഥികൾക്ക് അത് നിർത്തലാക്കിയത് മൂലം നഷ്ടം ഉണ്ടാകുന്നു എന്നും "Passing Over" സമ്പ്രദായം പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 176** — **11-03-2008-ൽ മറുപടിയ്ക്ക്**

**യുവകർമ്മ സേനയുടെ പ്രവർത്തനങ്ങൾ**

**ചോദ്യം**

**ശ്രീ.മുരളിപെരുനെല്ലി:**
**ശ്രീ.എ.പ്രദീപ് കുമാർ:**
**ശ്രീ.കെ.വി.അബ്ദുൾ ഖാദർ:**
**ശ്രീ.ബാബു എം.പാലിശ്ശേരി:**
**ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:**

(എ)
യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി)
എല്ലാ ഗ്രാമപഞ്ചായത്തുകളിലും യൂത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; യൂത്ത് സെന്ററുകളിലൂടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(സി)
സ്വയം തൊഴിൽ പരിശീലനത്തിനായി യുവജന ക്ലബ്ബുകൾ സഹായം നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി)
ദുരന്ത മേഖലകളിലെ രക്ഷാപ്രവർത്തനങ്ങൾക്കായി യുവകർമ്മസേന രൂപീകരിക്കാനുള്ള പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ.എം.വിജയകുമാർ**
**(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)**

(എ)
കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ
1. യുവശക്തി, 2. ദേശീയ യുവോത്സവം,
3.യുവകർമ്മസേന, 4.കൗമാര പ്രായക്കാരുടെ ശാക്തീകരണം, 5. ബോധവൽക്കരണ പരിപാടികൾ.
6. സ്വയംതൊഴിൽ പരിശീലനം, 7.കേരളോത്സവം.
8. സാഹസിക പ്രവർത്തനങ്ങൾ, 9. യൂത്ത് ഹോസ്റ്റൽ
10. കേന്ദ്രസഹായ പദ്ധതികൾ, 11. യൂത്ത് അവാർഡ്,
12. യൂത്ത് ഫോറം-2007.
i) അന്താരാഷ്ട്ര പുസ്തകോത്സവവും യൂത്ത് എക്സിബിഷനും. ii) കേരള യൂത്ത് ഫോറം,
iii) ദേശീയോദ്ഗ്രഥന ക്യാമ്പ്, iv) ഫോക്‌ലോർ ശില്പശാല v) ജോബ് ഫെയർ.
13. യുവസാമൂഹിക പ്രവർത്തക ക്യാമ്പ്.
14. ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം.
15. ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്,
16. ബോട്ട് ക്രൂ പരിശീലനം.
തുടങ്ങിയ പ്രവർത്തനങ്ങൾ നടക്കുന്നു.

(ബി)
ഉണ്ട്. ഏഴു ജില്ലകളിലെ എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ യൂത്ത് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. വികസന പ്രവർത്തനങ്ങളിൽ യുവജനങ്ങളെ പങ്കാളികളാക്കുക, കേരളത്തിന്റെ വികസനത്തിന് യുവജനങ്ങളെയും യുവജന കൂട്ടായ്മകളെയും ഉപയുക്തമാക്കി യുവജനക്ഷേമ പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി)
സ്വയം തൊഴിൽ പരിശീലനത്തിനായി നിലവിൽ ധനസഹായം നൽകുന്നുണ്ട്. (ഓരോ ജില്ലയ്ക്കും നൽകിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു).

(ഡി)
ദുരന്ത മേഖലകളിൽ രക്ഷാപ്രവർത്തനങ്ങൾക്കായി യുവകർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. ഓരോ ജില്ലയിലെയും യുവകർമ്മസേനയ്ക്ക് 100-ൽ കുറയാത്ത അംഗ സംഖ്യ ഉണ്ട്.

Sd/-

**സെക്ഷൻ ഓഫീസർ**

ശരിപ്പകർപ്പ്

**KERALA STATE YOUTH WELFARE BOARD**

**SELF EMPLOYMENT TRAINING 2007-08**

| Sl. No. | District | Amount |
|---|---|---|
| 1. | Thiruvananthapuram | 2,35,000/- |
| 2. | Kollam | 1,99,900/- |
| 3. | Pathanamthitta | 65,000/- |
| 4. | Alappuzha | 1,05,000/- |
| 5. | Kottayam | 1,00,000/- |
| 6. | Idukki | 43,250/- |
| 7. | Ernakulam | 1,15,000/- |
| 8. | Thrissur | 45,900/- |
| 9. | Malappuram | 2,88,720/- |
| 10. | Wayanad | 60,000/- |
| 11. | Kozhikode | 2,00,000/- |
| 12. | Palakkad | 85,000/- |
| 13. | Kannur | 59,000/- |
| 14. | Kasargod | 89,500/- |
| | **Total** | **16,96,270/-** |

Vdide
S.O

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 177 — 11-03-2008-ൽ മറുപടിയ്ക്ക്

## വള്ളംകളിക്ക് അംഗീകാരം

| ചോദ്യം<br>ശ്രീ.കെ.ശിവദാസൻ നായർ: | ഉത്തരം<br>ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| --- | --- |
| (എ)<br>കേരളത്തിലെ 'വള്ളംകളികൾ' സ്പോർട്സായി അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ)<br>വള്ളംകളിയെ 'കായിക വിനോദമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി)<br>ഇതിന്റെ ഭാഗമായി രൂപീകരിച്ച കമ്മിറ്റി, റിപ്പോർട്ട് നൽകിയോ; | (ബി)<br>ഇല്ല. |
| (സി)<br>എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ; | (സി) യും (ഡി) യും<br>ചോദ്യം ഉദിക്കുന്നില്ല |
| (ഡി)<br>ആറന്മുള വള്ളംകളി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ? | |

Sd/-

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -178

11.03.2008ൽ മറുപടിയ്ക്ക്

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എ. അസീസ് | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. 2008 ജനുവരി മാസത്തെ വില്പന അനുസരിച്ച് 357 മാവേലി സ്റ്റോറുകളാണ് സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതായി കണക്കാക്കിയിരിക്കുന്നത്. |
| (ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളെ അതാതു പഞ്ചായത്തിൽ തന്നെ കച്ചവട സാദ്ധ്യതയുള്ള സെന്ററുകളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളെ അതാതു പഞ്ചായത്തിൽ തന്നെ കച്ചവട സാദ്ധ്യത കൂടുതലുള്ള സെന്ററുകളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി)മാവേലിസ്റ്റോറുകൾ വഴി ചെറുകിട വ്യവസായ യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഭക്ഷ്യോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ചെറുകിട വ്യവസായ യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വില്പനശാലകൾ വഴി വിറ്റു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 179 | 11. 03. 2008 ൽ മറുപടിക്ക്

## പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ജെ. ജേക്കബ് | ശ്രീ. സി. ദിവാകരൻ<br>( ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) പൂഴ്ത്തിവയ്പ്, കരിഞ്ചന്ത, എന്നിവ ഫലപ്രദമായി തടയുന്നതിന് പഞ്ചായത്തു തലത്തിൽ വിജിലൻസ് കമ്മിറ്റിയുണ്ടാക്കുവാനുള്ള നിർദ്ദേശം നിലവിലുണ്ടോ;<br>(ബി) എങ്കിൽ ഈ നിർദ്ദേശം നടപ്പിലാക്കി കാര്യക്ഷമമായ പരിശോധനാ സംവിധാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) പഞ്ചായത്ത്/ മുൻസിപ്പാലിറ്റി തലത്തിൽ ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (സി) റേഷൻ കടകൾവഴി നൽകുന്ന ഭക്ഷ്യ വസ്തുക്കൾ കാർഡുടമകൾക്ക് ലഭിക്കുന്നു എന്നുറപ്പു വരുത്തുവാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ;<br>(ഡി) പരാതി എഴുതിക്കിട്ടിയാലേ പരിശോധിക്കു എന്ന അവസ്ഥമാറ്റി കാര്യക്ഷമമായ റേഷൻ വിതരണം ഉറപ്പാക്കുമോ? | (സി) & (ഡി) കാർഡുടമകൾക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങളുടെ വിവരങ്ങളടങ്ങിയ പോസ്റ്ററുകൾ പതിപ്പിക്കുക, കടകളിലെ റെയ്ഡ്, റേഷൻ തിരിമറിക്കെതിരെയുള്ള നടപടികൾ, കാർഡുടമകളുടെ വീടുകൾ കയറി സാധനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന അന്വേഷണം തുടങ്ങി ഒട്ടേറെ നടപടികൾ റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 180, 11-3-2008-ൽ മറുപടി നല്കേണ്ടത്

**ബൗദ്ധിക സ്വത്തവകാശ നയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ :<br>" പി.ജയരാജൻ:<br>ശ്രീമതി.കെ.കെ.ലതിക:<br>ശ്രീ.എ.സി.മൊയ്തീൻ:<br>" മഞ്ഞളാംകുഴി അലി: | ശ്രീ.എം.വിജയകുമാർ,<br>(നിയമവും പാർലമെൻററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ)സംസ്ഥാനം തനതായി ഒരു ബൗദ്ധിക സ്വത്തവകാശ നയം രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ഉണ്ട്..<br>കരട് നയം രൂപപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ; | ആഗോളവൽക്കരണത്തിൻെറയും ട്രിപ്സ് ഉടമ്പടിയുടെയും പശ്ചാത്തലത്തിൽ കേരളത്തിൻെറ പൈതൃക സ്വത്തുക്കളായ ആയുർവേദവുംനാട്ടറിവുകളും സാംസ്കാരിക പൈതൃകങ്ങളും വലിയ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ് ഇക്കാര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ബൗദ്ധികസ്വത്തവകാശനയത്തിന് സർക്കാർ രൂപം നൽകിയത് |
| (സി) സർക്കാരിൻെറ ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച കരടു രേഖയിൽ നമ്മുടെ ജൈവ സമ്പത്തുകളുടെ ഫലപ്രദമായ വിനിയോഗത്തിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് വച്ചിട്ടുള്ളത്; | വിവിധ നിർദ്ദേശങ്ങൾ കരട് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരട് നയം ഇതിനോടൊപ്പം വെച്ചിട്ടുണ്ട്. |
| (ഡി) നമ്മുടെ പാരമ്പര്യ വിജ്ഞാനങ്ങളുടെ സംരക്ഷണത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | വിവിധ നടപടികൾ കരട് നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. കരട് നയത്തിൻെറ പകർപ്പ് പരിശോധിക്കാവുന്നതാണ് |

(ഇ) കരടു രേഖ സംബന്ധിച്ച വിശദമായ ചർച്ചയ്ക്ക് സർക്കാർ അവസരം ഒരുക്കുമോ?

കരട് രേഖ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും ആക്ഷേപങ്ങളും ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും ലഭിച്ച അഭിപ്രായങ്ങൾ സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ് അതിനായി ഈ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തികൊണ്ട് 21.2.2008-ൽ ഒരു ദേശീയ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. സെമിനാറിൽ ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളും സർക്കാർ പരിശോധിച്ചു വരികയാണ്. കരട് നയം സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തുന്നതിനോ ചർച്ച നടത്തുന്നതിനോ ഉള്ള അവസരം കരട് നയം അന്തിമമായി പ്രഖ്യാപിക്കുന്നതുവരെ ഉണ്ടായിരിക്കുന്നതാണ്.

ഉത്തരവിൻ പ്രകാരം

KS [signature]

സെക്ഷൻ ഓഫീസർ

# കേരളത്തിന്റെ ബൗദ്ധിക സ്വത്താവകാശ നയം - 2007

(കരട്)

1. ലോക വ്യാപാര സംഘടന (വേൾഡ് ട്രേഡ് ഓർഗനൈസേഷൻ - ഡബ്ല്യു.റ്റി.ഒ) യുടെ "ട്രിപ്സ്"-ൽ (ബൗദ്ധിക സ്വത്താവകാശത്തിലെ വ്യാപാര സംബന്ധിയായ കാര്യങ്ങൾ -"TRIPS") ഭാരതം ഭാഗഭാക്കാകുകയും 1970-ലെ ഇന്ത്യൻ പേറ്റന്റ്സ് ആക്ട് "ട്രിപ്സ്"-നു അനുഗുണമാം വിധം ഭേദഗതി ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ സത്വര നടപടികൾ ആവശ്യമായ അനേകം കാര്യങ്ങൾ കേരള സാഹചര്യങ്ങളിൽ ഉരുത്തിരിഞ്ഞിരിക്കുന്നു. സംസ്ഥാനത്തിനുവേണ്ടി, ഒരു ബൗദ്ധിക സ്വത്താവകാശനയം, ഭേദഗതി ചെയ്യപ്പെട്ട ഇന്ത്യൻ പേറ്റന്റ്സ് ആക്ട്, 2002-ലെ ജൈവ വൈവിധ്യ ആക്ട് എന്നീ നിലവിലുള്ള കേന്ദ്ര നിയമങ്ങളുടെ പരിധിക്കുള്ളിൽ വരും വിധം രൂപപ്പെടുത്തേണ്ടത് അതിനാൽ ആവശ്യമായി വന്നിരിക്കുന്നു. അത്തരം നയ രൂപീകരണത്തിനുള്ള പ്രധാന തത്വങ്ങൾ താഴെ അവതരിപ്പിക്കുന്നു. ഇതിന്റെ വിശദമായ വ്യവസ്ഥകൾ യഥാസമയം രൂപീകരിക്കുന്നതും ഉചിതമായ സർക്കാർ ഉത്തരവുകൾ വഴിയോ അനുയോജ്യമായ സംസ്ഥാനതല നിയമനിർമ്മാണം വഴിയോ സാധ്യമാകും വിധം നടപ്പിൽ വരുത്തുന്നതുമാണ്.

2. കേരളത്തെ ബാധിക്കുന്ന ഒരു പ്രധാന സംഗതി, പാരമ്പര്യ വിജ്ഞാനം പ്രത്യേകിച്ചും ആയുർവേദം സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. കേവലം ഗ്രന്ഥങ്ങളിലോ മനസ്സുകളിലോ ഉള്ള പാരമ്പര്യ വിജ്ഞാനമെന്നതിന് പുറമെ ഇവ അനേകം ഉപയോക്താക്കളുടെ ഉപജീവനമാർഗ്ഗം കൂടിയാണ്. അങ്ങനെ ധാരാളം പേർക്ക് ഉപജീവന മാർഗ്ഗമായിരിക്കുകയും അഥവാ അവയുടെ പ്രയോഗത്തിനുള്ള അടിസ്ഥാന വിജ്ഞാനമായിരിക്കുകയും ചെയ്യുന്നുവെങ്കിലും അവയുടെ നിയമപരമായ സ്വത്തവകാശം ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഇവയുടെ സ്വകാര്യ ദുർവിനിയോഗത്തിന് അവസരം ഒരുക്കുന്നു. ഇതു തടയുന്നതിന് ഒട്ടധികം നടപടികൾ ആവശ്യമായി വന്നിരിക്കുകയാണ്. ആദ്യമായി വേണ്ടത് അത്തരം പാരമ്പര്യ വിജ്ഞാനങ്ങളുടെ ക്രോഡീകരണമാണ്. ഈ പ്രക്രിയ കേരളത്തിൽ തുടങ്ങി കഴിഞ്ഞു. ആയുർവേദത്തിലാണെങ്കിൽ, 30000 താളിയോലകളിലെ കൈയെഴുത്തുകൾ ഡിജിറ്റലൈസ് ചെയ്യപ്പെട്ടിട്ടുണ്ട്. 1900-ത്തിലധികം പ്രമാണങ്ങൾ, കൈയെഴുത്തു പ്രതികൾ, പുസ്തകങ്ങൾ എന്നിവ തിരിച്ചറിയപ്പെട്ടിട്ടുണ്ട്; ലോക ബൗദ്ധിക സ്വത്താവകാശ സംഘടനയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരണമായി ഒരു ഡാറ്റാ ബേയ്സ് രൂപവൽക്കരിക്കുകയും ചെയ്തു. ഏകദേശം 3100 ഔഷധക്കൂട്ടുകൾ പരിശോധിച്ചു ഈ ഡാറ്റാ ബേയ്സിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപോലുള്ള ക്രോഡീകരണം മറ്റു മേഖലകളിലും ഉണ്ടാകേണ്ടിയിരിക്കുന്നു. പാരമ്പര്യ വിജ്ഞാനം വേർതിരിച്ചു അറിയുന്നതിനും അവയുടെ നേരിട്ടുള്ള ദുർവിനിയോഗം തടയുന്നതിനും ഇങ്ങനെയുള്ള ക്രോഡീകരണം സഹായിച്ചേക്കും. പക്ഷെ ഇതു മാത്രം പോരാ. പരോക്ഷമായി ദുർവിനിയോഗം ചെയ്യപ്പെടുന്നതും തടയപ്പെടണം. വൈരുദ്ധ്യമെന്ന് തോന്നാമെങ്കിലും ക്രോഡീകരിക്കപ്പെടുന്നതു വഴി നേരിയ

മാറ്റങ്ങളോടെ ഇവ സ്വകാര്യ സ്വത്തായി പേറ്റന്റ് ചെയ്യപ്പെട്ടേക്കാം.

3. 2002-ലെ ജൈവ വൈവിധ്യ ആക്ട് (Biological Diversity Act) -ൽ പാരമ്പര്യ വിജ്ഞാനവുമായി ബന്ധപ്പെട്ട ജൈവ വിഭവങ്ങളുടെ ഉപയോഗ പരിരക്ഷയ്ക്ക് ചില സാദ്ധ്യതകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടി ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം എല്ലാ വിദേശികളും ഭാരതത്തിലെ ജൈവ വിഭവങ്ങളെയോ അതുമായി ബന്ധപ്പെട്ട വിജ്ഞാനത്തെയോ ഗവേഷണ വാണിജ്യ ആവശ്യങ്ങൾ അല്ലെങ്കിൽ ജൈവ സർവ്വേ ഉപയോഗങ്ങൾ എന്നിവയ്ക്കായി ദേശീയ ജൈവ വൈവിധ്യ അതോറിറ്റി (National Biodiversity Authority - NBA)-ൽ നിന്നും മുൻകൂർ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. ഇവിടെ പരാമർശിക്കുന്ന "വിദേശി" എന്ന പദത്തിന് ഭാരത പൗരനല്ലാത്ത ഒരു വ്യക്തി (അല്ലെങ്കിൽ 1961-ലെ ആദായനികുതി ആക്റ്റ് 2-ാം വകുപ്പിന്റെ (30)-ാം ഖണ്ഡപ്രകാരം നിർവചിച്ചിട്ടുള്ള ഒരു പ്രവാസി പൗരൻ) എന്നതിനു പുറമെ ഭാരതത്തിൽ രജിസ്റ്റർ ചെയ്യപ്പെടുകയോ ഏകാംഗീകൃതമായതോ അല്ലാത്തതും (അഥവാ രജിസ്റ്റർ ചെയ്യപ്പെടുകയോ ഏകാംഗീകൃതമായിരിക്കുകയോ ആണെങ്കിലും വിദേശ മൂലധന സാന്നിദ്ധ്യമോ കാര്യനിർവ്വഹണമോ ഉണ്ടായിരിക്കുകയും) ആയ ഒരു ഏകാംഗീകൃതനികായം, സമാജം, സംഘടന എന്നു കൂടി വിവക്ഷിക്കപ്പെടുന്നുണ്ട്. സംസ്ഥാന തല നിയമ നിർമ്മാണവഴിയോ (ആയതിനു തടസ്സം ഉണ്ടെന്നു കാണുന്ന പക്ഷം) ദേശീയ ജൈവ വൈവിധ്യ അതോറിറ്റിക്കുള്ള നിവേദനം വഴിയോ ഈ സംസ്ഥാനത്തിലെ ജൈവ വിഭവങ്ങളെയോ അതുമായി ബന്ധപ്പെട്ടവിജ്ഞാനത്തെയോ പ്രാപ്യമാക്കാൻ എല്ലാ വിദേശികളും സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ മുൻകൂർ അനുവാദം വാങ്ങിയിരിക്കണമെന്ന് നിർബന്ധമായി വ്യവസ്ഥ ചെയ്യപ്പെടണം . ഇതു വഴി സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന് ഉറപ്പുവരുത്താൻ കഴിയേണ്ടത് ജൈവ വിഭവ വിജ്ഞാന സംബന്ധമായ കാര്യങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിക്കപ്പെടുന്ന ഉല്പന്നങ്ങളെല്ലാം തന്നെ എല്ലാവരുടെയും ഉപയോഗത്തിന് ലഭ്യമാകേണ്ടതാണെന്നാണ്. മറ്റ് വാക്കുകളിൽ പറഞ്ഞാൽ സംസ്ഥാനത്തെ ജൈവ വിഭവങ്ങളും അതു സംബന്ധമായ പാരമ്പര്യ വിജ്ഞാനവും അടിസ്ഥാനമാക്കിയുള്ള കണ്ടുപിടിത്തങ്ങളും നവീകരണവും "സ്വച്ഛന്ദമുഖമുള്ള സാമാന്യരു"-ടെ പരിധിയിൽ നിർത്താൻ സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ഉറപ്പു വരുത്തി-ക്കൊള്ളേണ്ടതാണെന്നാണ്. ഇതിൽ രണ്ടു മാനങ്ങൾ ഉണ്ട്: ഒന്ന്, അങ്ങനെയുള്ള നവീകരണത്തിന് പേറ്റന്റ് നൽകപ്പെടുമ്പോൾ അവയുടെ പൊതുവായ ഉപയോഗം ഉറപ്പുവരുത്തി മാത്രം ലൈസൻസ് നൽകപ്പെടാം. രണ്ടാമതായി, ലൈസൻസിങ് വഴി ഇവയുടെ പൊതു ഉപയോഗം മാത്രം അല്ല പേറ്റന്റ് ചെയ്യപ്പെടുന്ന പുതിയ ഉൽപ്പന്നങ്ങളിന്മേൽ വീണ്ടും ഗവേഷണം നടത്തി മറ്റു പുതിയ ഉൽപ്പന്നങ്ങളുടെ രൂപീകരണം " സ്വച്ഛന്ദമുഖമുള്ള സാമാന്യർ"ക്ക് - പ്രാപ്യമാക്കണമെന്ന് നിബന്ധന ചെയ്യപ്പെടുകയുമാവാം.

4. മേൽ സൂചിപ്പിച്ച നടപടികളിലൂടെ, പാരമ്പര്യ വിജ്ഞാനം അവയുമായി ബന്ധപ്പെട്ട ജൈവ വിഭവങ്ങൾ എന്നിവ വിദേശീയരാൽ ദുർവിനിയോഗം ചെയ്യപ്പെടുന്നത് തടഞ്ഞേക്കാം. ഭാരതീയ കോർപ്പറേറ്റുകളുടെ സമാനമായ ചൂഷണത്തിനെതിരെയും നടപടികൾ ആവശ്യമുണ്ട്. ഇക്കാര്യത്തിനും 2002-ലെ ജൈവ വൈവിധ്യ ആക്ടിലെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്താവുന്നതാണ്. ടി ആക്ടിലെ 7-ാം വകുപ്പ് പ്രകാരം യാതൊരു ഭാരത പൗരനും ഭാരതത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഏകാംഗീകൃത നികായം, സമാജം, സംഘടന എന്നിവയോ വാണിജ്യ വിനിയോഗാർത്ഥം അഥവാ അതിനു ഉദ്ദേശിച്ചുള്ള ജൈവ സർവ്വേ ജൈവ ഉപയോഗം എന്നിവയ്ക്കായി ജൈവ വിഭവങ്ങൾ സ്വരൂപിക്കുന്നത് അതതു സംസ്ഥാന ജൈവ വൈവിധ്യ ബോർഡിനെ മുൻകൂട്ടി അറിയിച്ചതിനുശേഷം മാത്രമായിരിക്കേണ്ടതാണ്. പക്ഷെ ഈ നിബന്ധന ജൈവ വിഭവങ്ങൾ വളർത്തുന്നവർ കൃഷിചെയ്തു പരിപാലിക്കുന്നവർ, നാട്ടുവൈദ്യത്തിൽ ഏർപ്പെട്ടവർ എന്നിവരുൾപ്പെടെയുള്ള നാട്ടുകാർക്കും പ്രാദേശിക സമുദായങ്ങൾക്കും ബാധകമാകുന്നില്ല. ഈ വ്യവസ്ഥയുടെ ഒരു അപര്യാപ്ത "വിജ്ഞാനവുമായി ബന്ധപ്പെട്ട" സംഗതികൾ സ്വരൂപിക്കുന്നത് നിയന്ത്രിക്കുന്നില്ലെന്നതാണ്. സാധ്യമെങ്കിൽ സംസ്ഥാനതല നിയമനിർമ്മാണം വഴിയോ അല്ലെങ്കിൽ ദേശീയ ജൈവ വൈവിധ്യ അതോറിറ്റിയെ നിവേദനത്തിലൂടെ സ്വാധീനിച്ചോ മേൽ സൂചിപ്പിച്ച 7-ാം വകുപ്പിലെ വ്യവസ്ഥകൾ ജൈവ വിജ്ഞാനത്തിന്റെ സ്വരൂപിക്കലിനും ഉപയോഗ നിയന്ത്രണത്തിനും കൂടെ ബാധകമാക്കുകയും അതിനായി സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ മുൻകൂർ അനുമതി പ്രാദേശിക ഉപയോക്താക്കളല്ലാത്ത മറ്റു ഭാരതീയർക്കും നിർബന്ധമാക്കുകയും ചെയ്യാവുന്നതാണ്. സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന് ഇക്കാര്യത്തിലും, വിദേശീയരുടെ കാര്യത്തിലെന്നതു പോലെ പാരമ്പര്യ വിജ്ഞാനം, നാട്ടിലെ "സൂക്ഷ്മബുദ്ധിയുള്ള സാമാന്യർ"ക്ക് പ്രാപ്യമാകുംവിധം നിലനിർത്താവുന്നതുമാണ്.

5. എന്നിരുന്നാലും ക്രോഡീകരിക്കപ്പെട്ട പാരമ്പര്യ വിജ്ഞാനം ഏവർക്കും പ്രാപ്യമായിരിക്കെ, മേൽ നിർദേശിക്കപ്പെട്ട സുരക്ഷാവ്യവസ്ഥകളെല്ലാം വ്യർത്ഥമായെന്നു വരും. ആയതിനാൽ ക്രോഡീകൃത വിജ്ഞാനവിവരങ്ങൾ പരമ്പരാഗതമല്ലാത്ത ഉപയോക്താക്കൾക്ക് പ്രാപ്യമാക്കുന്നതിന് സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ അംഗീകാരത്തോടെയേ പാടുള്ളൂ എന്ന നിബന്ധന വയ്ക്കേണ്ടത് ആവശ്യമായി വരുന്നു. ഇതിനായി താഴെപ്പറയുന്ന പ്രക്രിയ നിർദേശിക്കുന്നു. ക്രോഡീകരിക്കപ്പെട്ട എല്ലാ പാരമ്പര്യ വിജ്ഞാനങ്ങളും പേറ്റന്റ് ഓഫീസിൽ സമർപ്പിക്കുമ്പോൾ , പാരമ്പര്യ വിജ്ഞാനവുമായി ബന്ധപ്പെട്ട (ക്രോഡീകരിക്കപ്പെട്ട) ജൈവ വിഭവങ്ങളുടെ വിശദാംശങ്ങൾ പേറ്റന്റ് ഓഫീസ് വെറ്റിട്ട് ചില മേഖലകളിൽ സംരക്ഷിക്കുകയും, സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ സമ്മതത്തോടെ മാത്രം ഉപയോക്താക്കൾക്ക് ഉപയോഗിക്കാവുന്നതുമായ സംവിധാനം ഉണ്ടാക്കേണ്ടതുമാണ്.

6. ജൈവ വിഭവങ്ങളെ സംബന്ധിച്ച പാരമ്പര്യ വിജ്ഞാനം "സ്വതന്ത്രമുഖതയുള്ള സാമാന്യർ"ക്ക് പ്രാപ്യമാകും വിധം നിലനിർത്തുമ്പോൾ, അവ ദുർവിനിയോഗം ചെയ്യപ്പെടുകില്ലെങ്കിൽപ്പോലും, ദേശീയ വിദേശീയ കോർപ്പറേറ്റുകൾ ഇവയെ വാണിജ്യപരമായി ഉപയോഗപ്പെടുത്തുകയും തദ്വാരാ അവയുടെ പാരമ്പര്യ ഉപയോക്താക്കൾക്ക് ഹാനി വരുകയും ചെയ്യുന്നതിനുള്ള സാദ്ധ്യത നിലനില്ക്കുന്നു. 2002-ലെ ജൈവ വൈവിധ്യ ആക്ട് 7-ാം വകുപ്പ് അനുശാസിക്കുന്നത് ഭാരതീയരായ എന്നാൽ പരമ്പരാഗതരല്ലാത്ത ഉപയോക്താക്കൾ ഒരു സംസ്ഥാനത്തെ ജൈവ വിഭവങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ അംഗീകാരത്തോടെ വേണമെന്നാണ്. എന്നാൽ വിദേശീയർ സംസ്ഥാന ബോർഡിന്റെ അധികാരപരിധിയിൽവരുന്നില്ല. അവർക്ക് ദേശീയ ജൈവ വൈവിധ്യ അതോറിറ്റിയുടെ അനുവാദം മതിയാകുന്നതാണ്. ഇവിടെയും സാദ്ധ്യമെങ്കിൽ സംസ്ഥാനതല നിയമ നിർമ്മാണ വഴിയോ ദേശീയ ജൈവ വൈവിധ്യ അതോറിറ്റി യുമായുള്ള ധാരണയുടെ അടിസ്ഥാനത്തിലോ ജൈവ വിഭവങ്ങളുടെ വാണിജ്യോപയോഗത്തിനായി വിദേശീയർക്കും സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ അനുമതി നിഷ്കർഷിക്കാൻ കഴിഞ്ഞേക്കും. അങ്ങനെ, പാരമ്പര്യ ഉപയോക്താക്കളൊഴികെയുള്ള എല്ലാ പ്രബലരായ ഉപയോക്താക്കൾക്കും ജൈവ വിഭവങ്ങളുടെ വാണിജ്യോപയോഗത്തിനായി സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ അനുമതി നിർബന്ധമാക്കുന്നതുവഴി, ബോർഡിന് പരമ്പര്യ ഉപയോക്താക്കളുടെ താല്പര്യം ഹനിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ കഴിയുന്നതാണ്. ജൈവ വിഭവങ്ങളുടെ വാണിജ്യോപയോഗം പുറമെക്കാർക്ക് തൽക്ഷണം നിരസിക്കുന്നതിലൂടെയോ, നേട്ടങ്ങൾ പാരമ്പര്യ ഉപയോക്താക്കളുമായി സമതുലനത്തോടെ വീതം വയ്ക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുന്നതു വഴിയോ പാരമ്പര്യ ഉപയോക്ത സമൂഹത്തിന്റെ നഷ്ടം നികത്തുന്നതിനും തദ്വാരാ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സാദ്ധ്യമാകും.

7. ചുരുക്കത്തിൽ, സംസ്ഥാന നയം ലക്ഷ്യമാക്കുന്നത്, 2002-ലെ ജൈവ വൈവിധ്യ ആക്ടിനോടു കൂട്ടിച്ചേർക്കേണ്ട മൂന്നു കാര്യങ്ങളാണ്. ഒന്നാമത്, സംസ്ഥാനത്തെ ജൈവ വിഭവങ്ങളുമായി ബന്ധപ്പെട്ട വിജ്ഞാനം, ഗവേഷണ ആവശ്യങ്ങൾക്കായി വിദേശികൾക്ക് ലഭ്യമാകുന്നതിന് ദേശീയ ജൈവ വൈവിധ്യ അതോറിറ്റി ക്കു പുറമെ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ കൂടെ അംഗീകാരം നേടണമെന്ന് നിഷ്കർഷിക്കൽ. രണ്ടാമത്, പാരമ്പര്യ ഉപയോക്താക്കളല്ലാത്ത ഭാരതീയർക്കും അത്തരം നിഷ്കർഷ ബാധകമാക്കൽ. മൂന്നാമത്, ജൈവ വിഭവങ്ങളുടെ വാണിജ്യോപയോഗത്തിന് ദേശീയ അതോറിറ്റിക്കു പുറമെ സംസ്ഥാന ബോർഡിന്റെ കൂടെ അംഗീകാരം നിർബന്ധമാക്കൽ. ഇവയെല്ലാം ഉല്ലംഘനീയങ്ങളല്ല;അനുപൂരണങ്ങളാണ്. ആയതിനാൽ 2002-ലെ ജൈവ വൈവിധ്യ ആക്ടിലെ വ്യവസ്ഥകൾ സംസ്ഥാനതല നിയമ നിർമ്മാണം തന്നായ രീതിയിൽ അഥവാ ടി ആക്ടിലെ സംസ്ഥാനത്തെ ബാധിക്കുന്ന വ്യവസ്ഥകളുടെ അനുപേക്ഷണീയ

ഭേദഗതി എന്നിവയിലൂടെ സാദ്ധ്യമാകേണ്ടതാണ്. അതു സാദ്ധ്യമല്ലെങ്കിൽ ദേശീയ ജൈവ വൈവിധ്യ അതോറിറ്റിയുമായി ചർച്ച ചെയ്തു ധാരണയിലെത്തി ഇവ സാദ്ധ്യമാക്കി എടുക്കും .

8. എങ്ങനെയായാലും ജൈവ വിഭവങ്ങളെ സംബന്ധിക്കുന്ന പാരമ്പര്യ വിജ്ഞാനത്തിന്റെ സംരക്ഷണത്തിനു ദേശീയ ജൈവ വൈവിധ്യ അതോറിറ്റിയുടെ സഹകരണം അത്യന്താപേക്ഷിതമാണ്. സംസ്ഥാനതല നിയമ നിർമ്മാണം സാദ്ധ്യമാണെങ്കിലും 7-ാം ഖണ്ഡികയിൽ സൂചിപ്പിച്ച മൂന്നു തലങ്ങളിൽ അത് നടത്തിയിട്ടുണ്ടെങ്കിലും പാരമ്പര്യ വിജ്ഞാനത്തിൽ അധിഷ്ഠിതമായ വികസനങ്ങൾ "സൃഷ്ട്യുന്മുഖതയുള്ള സാമാന്യർ"ക്ക് ലഭ്യമാക്കണമെന്ന സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ അനുശാസനം ലംഘിക്കുന്ന ഭാരതീയ/വിദേശ കോർപ്പറേറ്റുകൾ ദേശീയ ജൈവ വൈവിധ്യ അതോറിറ്റി മുഖേന പേറ്റന്റുകൾക്ക് അപേക്ഷിക്കുമ്പോൾ മാത്രമാണ് തിരിച്ചറിയപ്പെടുന്നത്. അതുപോലെ പാരമ്പര്യ വിജ്ഞാനത്തിൽ അധിഷ്ഠിതമായ എല്ലാ വികസനങ്ങളും "സൃഷ്ട്യുന്മുഖതയുള്ള സാമാന്യരു"ടെ ക്ഷേമത്തിനും ലഭ്യമാക്കണമെന്ന വ്യവസ്ഥ പരസ്പര തുല്യതയുള്ളവരായി പാരമ്പര്യ ഉപയോക്താക്കൾക്കും ബാധകമാക്കേണ്ടതാണ്. നിലവിലുള്ള വിജ്ഞാനത്തിനോ അതിൽ അധിഷ്ഠിതമായ ഏതെങ്കിലും വികസനത്തിനോ വേണ്ടിയുള്ള പേറ്റന്റുകൾക്കായി ശ്രമിക്കുന്നെങ്കിലും അവയുടെ അനുമതിക്ക് ദേശീയ ജൈവ വൈവിധ്യ അതോറിറ്റിയെ സമീപിക്കുമ്പോഴാണ് അത് തിരിച്ചറിയുവാനും തടയുവാനും സാദ്ധ്യമാകുന്നത്. ഇതിനർത്ഥം മേൽ പറഞ്ഞ സംസ്ഥാനതല നിയമ നിർമ്മാണം നടത്തുന്നതിന് സാദ്ധ്യമാണെങ്കിൽ പോലും സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെയും ദേശീയ ജൈവ വൈവിധ്യ അതോറിറ്റിയുടെയും പൂർണമായ ഏകോപനം അത്യാവശ്യമാണെന്നാണ്. അത്തരത്തിലുള്ള നിയമ നിർമ്മാണം സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ ഏകോപനത്തിന്റെ ആവശ്യകത വീണ്ടും വർദ്ധിക്കുന്നു.

9. മുൻ പറഞ്ഞവയൊക്കെ ജൈവ വിഭവങ്ങളുമായി ബന്ധപ്പെട്ട പാരമ്പര്യ വിജ്ഞാനത്തെ സംബന്ധിച്ചു മാത്രമാണ്. ഇതര മേഖലകളിലെ പാരമ്പര്യ വിജ്ഞാന സംരക്ഷണത്തിനായി പുതിയ നിയമങ്ങളും സംവിധാനങ്ങളും ഉണ്ടാക്കേണ്ടിയിരിക്കുന്നു. കാരണം 2002-ലെ ജൈവ വൈവിധ്യ ആക്ടിനു സമാനമായ യാതൊന്നും മറ്റു മേഖലകളിൽ നിലവിലില്ല. ജൈവ വിഭവ സംരക്ഷണത്തിനായി ഇപ്പോൾ നടത്തുന്ന നടപടികളിലൂടെ ആർജിക്കുന്ന പരിചയത്തിലൂടെ ഉചിതമായ നടപടികൾ യഥാസമയം കൈക്കൊള്ളുന്നതാണ് . എങ്ങിനെ ആയാലും ജൈവ വിഭവ സംബന്ധമായ പാരമ്പര്യ വിജ്ഞാനം ഏറ്റവും ശ്രേഷ്ഠമായതിനാൽ അതിന്റെ സംരക്ഷണത്തിനാണ് മുൻഗണന .

10. ജൈവ വിജ്ഞാന സംരക്ഷണത്തിനായി മേൽ നിർദ്ദേശിച്ച ഏർപ്പാടുകളിലൂടെ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഉത്തരവാദിത്തം അധികരിച്ചിരിക്കുകയാണ്. ബോർഡിന് സംസ്ഥാനത്തെ ജൈവ വിഭവങ്ങളുടെ സംരക്ഷണം, അവയുടെ വൈവിധ്യം നിലനിറുത്തൽ എന്നിവ മാത്രമല്ല, ജൈവ വിഭവ സംബന്ധമായ പാരമ്പര്യ വിജ്ഞാനത്തിന്റെ ഭാരതീയരാലോ വിദേശീയരാലോ ഉള്ള

ദുരുപയോഗം തദ്ദേശീയരായ പാരമ്പര്യ ഉപയോക്താക്കളുടെ തൊഴിൽ സാദ്ധ്യതയും ജീവനോപാധിയും കവർന്നെടുത്ത് മറ്റുള്ളവർ അത്തരം വിജ്ഞാനങ്ങൾ ഉപയോഗിക്കുന്നതിനും ഒക്കെ എതിരെ ഒരു കാവൽ നായ ആയി വർത്തിക്കേണ്ടതുമാണ്. ഈയൊരാവശ്യത്തിനായി സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാന ബോർഡിന്റെ ഘടനയും വലിപ്പവും 2002-ലെ ആക്ടിനാൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ളതിനാൽ ബോർഡിനെ കൂടുതൽ പ്രബലപ്പെടുത്താനായി നിയമ നിർമ്മാണം വേണ്ടി വരും.

11. ഓരോ കരാർ ലംഘനവും നിരീക്ഷിക്കുക, തുടർ നടപടികൾ കൈക്കൊള്ളുക, വ്യവസ്ഥാ ലംഘകർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക എന്നിവ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന് ദുർഭരമായിരിക്കും. ഇതിനെല്ലാറ്റും ബൗദ്ധിക സ്വത്തു സംരക്ഷണവുമായി മറ്റു ബന്ധപ്പെട്ട കാര്യങ്ങളുടെ മേൽ നോട്ടത്തിനുമായും സംസ്ഥാന മുഖ്യമന്ത്രി ചെയർമാനും, നിയമ വകുപ്പു മന്ത്രി വൈസ്ചെയർമാനുമായി നിയമ വകുപ്പിനു കീഴിൽ ഒരു "ബൗദ്ധിക സ്വത്തവകാശ സൂപ്പർവൈസറി കൗൺസിൽ" സ്വയം ഭരണാവകാശത്തോടെ രൂപീകരിക്കും. ഈ കൗൺസിലിൽ ചുരുക്കം ചില മന്ത്രിമാർ, ശാസ്ത്രജ്ഞർ, വിവിധ തലങ്ങളിലുള്ള വൈജ്ഞാനികർ എന്നിവർ അംഗങ്ങളായിരിക്കും. സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ചെയർമാൻ അനൗദ്യോഗിക അംഗവുമായിരിക്കും. ഈ കൗൺസിലിന് ആവശ്യാനുസരണമുള്ള സാങ്കേതിക ഉദ്യോഗസ്ഥരുണ്ടായിരിക്കുകയും വിവിധ ഉത്തരവാദിത്തങ്ങൾ നിർദ്ദേശിക്കുകയും ചെയ്യും. സംസ്ഥാന ജൈവ ബോർഡുമായുള്ള കരാർ ലംഘനങ്ങളെല്ലാം കൗൺസിൽ കൈകാര്യം ചെയ്യും. സംസ്ഥാനത്തിന്റെ ധനസഹായത്താലോ നിയന്ത്രണത്തിലോ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ പേറ്റന്റപേക്ഷകളെല്ലാം കൗൺസിൽ വഴി വേണം സമർപ്പിക്കേണ്ടത്. (സ്വതന്ത്ര ഗവേഷകർ അവർ സഹായത്തിനായി കൗൺസിലിനെ സമീപിക്കാത്ത പക്ഷം ഈ നിബന്ധനയിൽ നിന്നൊഴിവാക്കാൻ കാരണം, ആയത് അവരുടെ മേൽ അധിക ഭാരം ചുമത്തപ്പെടുമെന്നുള്ളതിനാലാണ്) സഹായം ആവശ്യപ്പെടുന്ന ഏതൊരു പേറ്റന്റ് അപേക്ഷകനേയും പേറ്റന്റ് അപേക്ഷ ഉചിതമായി തയ്യാറാക്കുന്നതിന് കൗൺസിൽ സഹായിക്കും.പുതിയ കണ്ടുപിടുത്തങ്ങളുടെ പരിസമാപ്തിക്കടുത്തെത്തി, ഗവേഷണം തുടർന്നു നടത്താൻ വഴി മുട്ടി നിൽക്കുന്നവരെയും (സാമ്പത്തിക കാരണങ്ങളാലുൾപ്പെടെ)കൗൺസിൽ സഹായിക്കും.പേറ്റന്റ് നേടാൻ സാദ്ധ്യതയുള്ള പല വിധത്തിലുള്ള ഗവേഷണ പരിപാടികളെയുംകൗൺസിൽ പ്രോത്സാഹിപ്പിക്കും. ബൗദ്ധിക സ്വത്തവകാശത്തെ സംബന്ധിക്കുന്ന അറിവുകൾ സംസ്ഥാനത്ത് വ്യാപനം ചെയ്യും. പൊതുവിൽ ബൗദ്ധിക സ്വത്തവകാശ കാലഘട്ടത്തിൽ സാദ്ധ്യമെന്നു തോന്നുന്ന എല്ലാവിധത്തിലും സ്റ്റേറ്റിന്റെയും ജനങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യും. പ്രത്യേക വിഷയ സംബന്ധകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കൂടുന്ന കുറെ സബ് കമ്മിറ്റികളും വിദഗ്ധ സമിതികളും വഴിയാകും കൗൺസിൽ പ്രവർത്തനങ്ങൾ നടത്തിപ്പാകുന്നത്. ബൗദ്ധിക

സ്വത്തവകാശവുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ പരമോന്നതമായ ഭരണ സംവിധാനമായിരിക്കും കൗൺസിൽ. സംസ്ഥാനത്തിലെ ബൗദ്ധിക സ്വത്തവകാശം കൈകാര്യം ചെയ്യുന്ന മറ്റെല്ലാ സ്ഥാപനങ്ങളും കൗൺസിലിന്റെ മേൽനോട്ട പരിധിയിൽപ്പെടും.

12. പുതിയ സാഹചര്യത്തിൽ ഉരുത്തിരിയുന്ന മറ്റൊരു പ്രധാന വിഷയം സംസ്ഥാന ധന വിനിയോഗത്തിലും ധനസഹായത്താലും പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളിലെ ഗവേഷണ ഫലത്തിന്മേലുള്ള ബൗദ്ധിക സ്വത്തവകാശ സംരക്ഷണവുമായി ബന്ധപ്പെട്ടുള്ളതാണ്. സ്വകാര്യ സ്ഥാപനങ്ങളെയും കേന്ദ്ര ഗവ. സ്ഥാപനങ്ങളെയും സംബന്ധിച്ചാണെങ്കിൽ അവ രാജ്യത്തിനു മുഴുവനും ബാധകമായ പൊതു മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിധേയമായതിനാൽ സംസ്ഥാന സർക്കാരിനു നിയന്ത്രണാധികാരങ്ങളൊന്നുമില്ല, പാശ്ചാത്യ രാജ്യങ്ങളിൽ നിന്നുള്ള "പുറം ഗവേഷണ രീതി"യുടെ (Resarch Outsourcing) ഇപ്പോഴത്തെ പ്രവണതയിൽ, പ്രത്യേകിച്ച്, സംസ്ഥാന നിയന്ത്രണ സ്ഥാപനങ്ങൾക്കായി ഒരു സംസ്ഥാന നയരൂപീകരണം ആവശ്യമായി വന്നിരിക്കുന്നു. ഇത്തരം പുറം ഗവേഷണം വഴിയായുള്ള കൂട്ടു ഗവേഷണം, സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളുടെ പാണ്ഡിത്യക്ഷമത വർദ്ധിപ്പിക്കുമെങ്കിലും നമ്മുടെ പൊതുഗവേഷണ സ്ഥാപനങ്ങൾ ബഹുരാഷ്ട്ര (മൾട്ടി നാഷണൽ) കോർപ്പറേഷനുകൾക്ക് ചെലവില്ലാത്ത മനുഷ്യ ശക്തി പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങളായി പോകരുതെന്ന് ഉറപ്പുവരുത്തിയതന്നെ തീരണം. ഇതിനായി സംസ്ഥാന നിയന്ത്രണത്തിലുള്ള ഗവേഷണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികളെ മൂന്നായി തരം തിരിക്കണം. സ്വകാര്യ ഉറവിടങ്ങളിൽ നിന്നോ വിദേശ സർക്കാർ/ സർക്കാർ സ്ഥാപനങ്ങൾ വഴിയായോ ഉള്ള ഫണ്ടുകൾ ഉപയോഗിക്കുന്നവ; സംസ്ഥാന സർക്കാരിൽ നിന്നും അല്ലെങ്കിൽ സ്ഥാപനത്തിന്റെ തന്നെ പൊതു ഗവേഷണ ഫണ്ട് ഉപയോഗിക്കുന്നവ; കേന്ദ്ര ഗവൺമെന്റ്, രാജ്യത്തിലെ ഇതര ഔദ്യോഗിക ഏജൻസി വഴിയുള്ള ഫണ്ടുകൾ ഉപയോഗിക്കുന്നവ എന്നിങ്ങനെ.

13. ആദ്യം പറഞ്ഞതരം പ്രൊജക്റ്റുകളിൽ ഗവേഷണഫലത്താൽ എടുക്കപ്പെടുന്ന പേറ്റന്റുകൾ "സ്വച്ഛമുഖമുള്ള സാമാന്യർ"ക്ക് പ്രാപ്യമാക്കേണ്ടതും അതുവഴി ഏതൊരാൾക്കും ഏതു വിധത്തിലും ഏതു ആവശ്യത്തിനും ഇവ ഉപയോഗപ്പെടുത്താവുന്നതും ഗവേഷണ ഫലത്താൽ നിർമ്മിക്കപ്പെട്ട ഉത്തമമായ മറ്റു ഉല്പന്നങ്ങളും "സ്വച്ഛമുഖമുള്ള സാമാന്യർ"ക്ക് ഉപയോഗിക്കത്തക്കവിധം ലഭ്യമാക്കണമെന്ന നിബന്ധന ഉറപ്പുള്ളതുമാണ്. ഇത്തരത്തിൽ ബഹു. രാഷ്ട്രകമ്പനികളും (മൾട്ടി നാഷണൽ കമ്പനികൾ - MNC) സ്വകാര്യ കോർപ്പറേറ്റുകളും സംസ്ഥാന നിയന്ത്രിത സ്ഥാപനങ്ങളെ തുച്ഛവേതന തൊഴിൽ ലഭ്യത വഴി അവരുടെ കുത്തക സ്ഥിതി പരിപോഷിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നില്ല എന്നും ഉറപ്പുവരുത്തുന്നതാണ്. രണ്ടാം തരം പദ്ധതികളിൽ ഗവേഷണഫലം പൂർണ്ണമായും സംസ്ഥാന സ്വത്തായിരിക്കണം പക്ഷെ അനുയോജ്യമായ

പാരിതോഷിക സംവിധാനം ഇതിനു ഉത്തരവാദികളായ ശാസ്ത്രജ്ഞർക്ക് സൂപ്പർവൈസറി കൗൺസിൽ വഴി ഏർപ്പെടുത്തേണ്ടതാണ്. സംസ്ഥാന ഗവൺമെന്റിന് ഗവേഷണഫലം "സുഹൃദ്മുഖമുള്ള സാമാന്യർ"ക്ക് ലഭ്യമാകത്തക്കവിധത്തിൽ സ്വന്തം തീരുമാനപ്രകാരം സർക്കാരിന്റെ തന്നെ ബൗദ്ധിക സ്വത്തായതിനാൽ, വിനിയോഗിക്കാവുന്നതാണ്. മൂന്നാമത്തെ വിഭാഗത്തിലാണെങ്കിൽ ഗവേഷണ ഫലങ്ങളുടെ ബൗദ്ധിക സ്വത്തവകാശം ഗവേഷണ പങ്കാളികൾ ഓരോരുത്തർക്കും കൂട്ടു ഗവേഷണ ഫലങ്ങൾ വിനിയോഗിക്കേണ്ടുന്നതിനെ കുറിച്ച് തനതായ ചട്ടങ്ങൾ ഉണ്ടാകുമെന്നതിനാൽ ഓരോ കേസിനും പ്രത്യേകം പ്രത്യേകം തീരുമാനങ്ങൾ എടുക്കാവുന്നതാണ്.

14. പൊതുചട്ടങ്ങൾ ഇവയാണെങ്കിലും ഇവയുടെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ടുന്ന പ്രത്യേക കേസുകൾ ഉണ്ടായെന്നു വരാം. 12-ാം ഖണ്ഡികയിൽ സൂചിപ്പിച്ച ആദ്യത്തെ രണ്ടു വിഭാഗങ്ങളിലെ പ്രത്യേക കേസുകളും 3-ാം വിഭാഗത്തിൽ ഉൾപ്പെട്ട എല്ലാ കേസുകളിലുംപെട്ട പ്രോജക്റ്റുകൾ അവയ്ക്കു ആവശ്യമായ മൊത്തം ഗവേഷണ ഫണ്ട് നിർദ്ദിഷ്ട പരിധി അധികരിക്കുകയാണെങ്കിൽ സൂപ്പർവൈസറി കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ഇങ്ങനെയുള്ള കേസുകളിലെ ബൗദ്ധിക സ്വത്തവകാശത്തെ സംബന്ധിച്ചവ മാത്രമേ സൂപ്പർവൈസറി കൗൺസിൽ പരിഗണിക്കേണ്ടതുള്ളു. കൗൺസിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ ഗവേഷണ കാലാവധി അനന്തമായി നീണ്ടുപോകാതിരിക്കുന്നതിനുള്ള ഉപദേശം നൽകുകയും ചെയ്യും.

15. ഇത്തരം പ്രോജക്റ്റുകളിലൂടെയുള്ള എല്ലാ പേറ്റന്റ് അപേക്ഷകളും സൂപ്പർവൈസറി കൗൺസിൽ വഴി സമർപ്പിക്കപ്പെടണം എന്നുള്ളതിനാൽ സംസ്ഥാന സർക്കാർ ധനസഹായ പദ്ധതികളുടെ ഗവേഷണ ഫലങ്ങൾ (അതായത് രണ്ടാം വിഭാഗത്തിൽപെടുന്നവ) "സുഹൃദ്മുഖമുള്ളസാമാന്യർ"ക്ക് പ്രയോജനപ്പെടുത്തേണ്ടത് എങ്ങനെയാണെന്നു അവസരത്തിൽ തീരുമാനിക്കേണ്ടതാണ്. പക്ഷെ ഈ തീരുമാനം കൈക്കൊള്ളുന്നത് ബന്ധപ്പെട്ട ഗവേഷണ സ്ഥാപനവുമായി കൂടിയാലോചിച്ചും സൂപ്പർവൈസറി കൗൺസിലിന്റെ സമ്പൂർണ്ണ യോഗത്തിൽ വച്ചും ആയിരിക്കേണ്ടതാണ്.

Bhageerathi Devi R.
R-Bhageerathi Devi
Joint Secretary
Law Dept.